# വിശുദ്ധ ഖുർആനും വ്യാഖ്യാന ഗ്രന്ഥങ്ങളും

**ടി.കെ. ഇബ്റാഹീം** (ഇസ്‌ലാമിക് യൂനിവേഴ്സിറ്റി, മദീന)

**വിശുദ്ധ** ഖുർആൻ അവതീർണ്ണമായിട്ട് പതിനാലു നൂറ്റാണ്ടുകളായി. ഈ നീണ്ട ശതകങ്ങൾക്കിടയിൽ അതിന്റെ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളുമായി സഹസ്രക്കണക്കിൽ ഗ്രന്ഥങ്ങൾ വിരചിതമായിട്ടുണ്ട്. ഇപ്പോഴും വിരചിതമായിക്കൊണ്ടിരിക്കുന്നു.ഇനിയും അത് തുടരുകയും ചെയ്യും. എന്താണിതിന് കാരണം? ഖുർആൻ സാധാരണ ബുദ്ധിക്ക് അപ്രാപ്യമായതാണോ? നിഗൂഢാർഥങ്ങളുടെ സമാഹാരമായ ഒരവ്യക്ത ഗ്രന്ഥമായതാണോ? ഒരിക്കലുമല്ല. ഖുർആൻ ഒരാവൃത്തി കണ്ണോടിച്ചവർ പോലും അങ്ങനെ പറയുന്നില്ല. അല്ലാഹു തന്നെ വ്യക്തമാക്കുന്നു:

"ഉദ്ബോധനത്തിന്ന് ഖുർആനെ നാം എളുപ്പമാക്കിയിരിക്കുന്നു. ചിന്തിക്കുന്നവരുണ്ടോ?" ഖുർആന്റെ മൊത്തം ആശയം ഗ്രഹിക്കാൻ, അതിൽനിന്ന് സന്മാർഗ്ഗം കരസ്ഥമാക്കാൻ സാധാരണനും കൂടി സാധിക്കും.— അതാണുതാനും ഖുർആന്റെ അടിസ്ഥാനോദ്ദേശ്യവും. പിന്നെ, വ്യാഖ്യാനഗ്രന്ഥങ്ങളുടെ ഈ അനന്തമായ പ്രവാഹത്തിന് എന്താണ് കാരണം? ഖുർആന്റെ ആശയ നീരുറവ അക്ഷയവും അനർഗ്ഗളവുമായതാണ്, അതിന്റെ ആശയങ്ങളും അധ്യാപനങ്ങളും അനശ്വരങ്ങളും സാർവ്വകാലികങ്ങളുമായതാണ്, അതിന്റെ വിജ്ഞാനങ്ങൾ നിത്യനൂതനങ്ങളും വർദ്ധമാനങ്ങളുമായതാണ് അതിന്നു കാരണം. മനുഷ്യസമുദായത്തിന്റെ വളർച്ചയെയും മനുഷ്യ ബുദ്ധിയുടെ വികാസത്തേയും സംഗ്രഹിക്കുമാറ് വിശാലമാണ് ഖുർആനികാശയങ്ങളുടെ സാമ്രാജ്യ ചക്രവാളം. മാത്രമല്ല, ഖുർആനിലെ ചില പ്രതിപാദനങ്ങളുടെ അർത്ഥവ്യാപ്തിയും സുഗ്രാഹ്യതയും കാലം ചെല്ലുന്തോറും, മനുഷ്യവിജ്ഞാനം പുരോഗമിക്കുന്തോറും കൂടുതൽ കൂടുതൽ തെളിഞ്ഞുവരികയാണു ചെയ്യുക.അല്ലാഹു പറയുന്നു:

"പ്രപഞ്ച വിസ്തൃതികളിലും അവരുടെ ശരീരങ്ങളിൽ തന്നെയുള്ള നമ്മുടെ ദൃഷ്ടാന്തങ്ങൾ അവർക്ക് നാം കാണിച്ചുകൊടുക്കുന്നതാണ്. അങ്ങനെ അതാണ് സത്യമെന്ന് അവർക്ക് ബോധ്യമാവും."

റസൂൽ കരീം (സ)പറയുന്നു: "പണ്ഡിതന്മാർക്ക് അതിൽനിന്നുകൊണ്ട് മതിവരുകയില്ല. ഉപയോഗാധിക്യംകൊണ്ട് അത് നുരുമ്പുകയില്ല. അതിന്റെ അത്ഭുതങ്ങൾ അവസാനിക്കുകയുമില്ല" (തുർമുദി). അതിന്നും പുറമെ ഖുർആന്റെ ആശയ ചക്രവാളത്തിന്റെ വിസ്തൃതി ഏതെങ്കിലും ഒരു വ്യാഖ്യാതാവിന്റേയോ ഏതാനും വ്യാഖ്യാതാക്കളുടേയോ പ്രതിഭയുടെയും ചിന്തയുടെയും പരിമിതികളിൽ ഒതുങ്ങുന്നില്ല.— അവരെത്രതന്നെ പ്രഗത്ഭരും അഗാധ ചിന്തകരും പണ്ഡിതഗ്രേസരരുമായിരുന്നാലും. അവർക്ക് ശേഷം വരുന്ന വ്യാഖ്യാതാക്കൾക്കും, അവരുടെ ചിന്താഫലങ്ങളെക്കൂടി ഉപയോഗപ്പെടുത്തി ഖുർആനിൽനിന്നും, കൂടുതൽ തത്വങ്ങളും വിജ്ഞാനങ്ങളും ഗ്രഹിക്കാവുന്നതാണ്. അക്ഷയമായ ഖുർആനിക വിജ്ഞാനസാഗരത്തിൽനിന്ന് അനർഘ രത്നങ്ങൾ നേടാനുള്ള അവകാശം ആർക്കുമുണ്ട്. അത് ഒരിക്കലും നിലച്ചുപോവുകയില്ല. അതിനുള്ള അർഹത വേണമെന്നു മാത്രം. ഖുർആന്റെ ഈ സവിശേഷതയും വ്യാഖ്യാനങ്ങളുടെ ആധിക്യത്തിന്ന് ഒരു കാരണമത്രെ. ആയതിനാൽ എല്ലാ കാലത്തും പാണ്ഡിത്യവും പ്രതിഭയും ചിന്താശക്തിയുംകൊണ്ടനുഗ്രഹീതമായവർ ഖുർആനെ വ്യാഖ്യാനിക്കാനും അതിന്ന് വിശദീകരണങ്ങളെഴുതാനും മുന്നോട്ടു വന്നെങ്കിൽ, വന്നുകൊണ്ടിരിക്കുന്നെങ്കിൽ, അത് ആ ദൈവിക ഗ്രന്ഥത്തിന്റെ അമാനുഷികതയുടെയും അക്ഷയതയുടെയും അനശ്വരതയുടെയും ഉത്തമ ദൃഷ്ടാന്തം മാത്രമാണ്.

പക്ഷെ വിശുദ്ധഖുർആന്റെ വ്യാഖ്യാനങ്ങളോ വിശദീകരണങ്ങളോ ആയി വിരചിതമായ എണ്ണിയാലൊടുങ്ങാത്ത ഈ ഗ്രന്ഥങ്ങളത്രയും ഖുർആനോടു നീതി പുലർത്തിയിട്ടുണ്ടോ? അഥവാ ഖുർആനെ യഥാതഥമായി മനസ്സിലാക്കാൻ അവ ഉപകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര കണ്ട്? അവ കേവലം ഉപദ്രവകരങ്ങളോ? അല്ല, പൂർണ്ണമായും ഉപകാരപ്രദങ്ങളോ? —ഇക്കാര്യത്തിൽ ആത്യന്തികമായ രണ്ടു വീക്ഷണഗതികൾ കാണുന്നു:

ഒന്ന്, പൂർവ്വികർ എഴുതിവെച്ച വ്യാഖ്യാന ഗ്രന്ഥങ്ങളത്രയും ഖുർആന്റെ ഗാംഭീര്യത്തെയും സൗന്ദരത്തെയും ഒരു

പോലെ കളങ്കപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഖുർആന്റെ യഥാർഥ ദൗത്യത്തെയും സാക്ഷാലുദ്ദേശ്യത്തെയും തേജോവധം ചെയ്യാനേ അവ ഉപകരിച്ചിട്ടുള്ളൂ. ഖുർആന്റെ പ്രതിപാദ്യം വ്യക്തമാക്കാനല്ല, കൂടുതൽ അവ്യക്തമാക്കാനാണവ സഹായകമാവുക. ഇസ്രയേലീ കെട്ടുകഥകൾ കുത്തിനിറച്ച് ഖുർആൻ വ്യാഖ്യാനത്തെ അവർ വിരൂപമാക്കി– ഈ കടങ്കഥകളുടെയും ഐതിഹ്യങ്ങളുടെയും കാടുവെട്ടിനീക്കി ഖുർആനെ അതിന്റെ യഥാർഥ രൂപത്തിൽ കൊണ്ടുവരേണ്ടതുണ്ട്. ഈ വീക്ഷണഗതിയുടെ തീവ്ര വക്താക്കൾ കുറേക്കൂടി മുന്നോട്ടു പോയി പൂർവ്വികവ്യാഖ്യാന ഗ്രന്ഥങ്ങളെ രൂക്ഷം രൂക്ഷമായി വിമർശിക്കുന്നു. മുൻഗാമികളായ വ്യാഖ്യാതാക്കൾ ചെയ്തുവെച്ചതത്രയും ഖുർആന് സേവനമല്ല, ദ്രോഹമാണെന്നാണ് അവരുടെ പക്ഷം. നവീകരണ വാദത്തിന്റെ കുഴലൂത്തുകാരായ ഇവരിൽ ചിലർ ഖുർആന്ന് പുതിയ മോഡൽ വ്യാഖ്യാനങ്ങളെഴുതാൻ മുതിരുകയുണ്ടായി. അക്കൂട്ടത്തിലൊന്നത്രെ *അൽഹിദായത്തു വൽ ഉർഫാനു ഫീ ത്ഫീസിരിൽ ഖുർആൻ* എന്ന ഗ്രന്ഥം. ഈ ഗ്രന്ഥത്തിന്റെ കർത്താവ് മുഖവുരയിൽ താനവകാശപ്പെടുന്ന പോലെ കഴിഞ്ഞ മുഴുവൻ വ്യാഖ്യാനങ്ങളെയും നിശ്ശേഷം തിരസ്കരിച്ചുകൊണ്ടാണ് വ്യാഖ്യാനത്തിന് മുതിരുന്നത്. എന്നിട്ട് തന്റെ തഫ്സീറിലൂടെ ഈ "നവീകർത്താവ്" സ്ഥാപിക്കുന്നതോ? ഇബ്റാഹീം(അ) ദാവൂദ് (അ) സുലൈമാൻ(അ) മൂസാ(അ) ഈസാ(അ) തുടങ്ങിയ പ്രവാചകന്മാർക്ക്, സംശയത്തിന്നിടമില്ലാത്തവിധം അനിഷേധ്യമായി ഖുർആനിലൂടെ സ്ഥിരപ്പെട്ട അമാനുഷിക ദൃഷ്ടാന്തങ്ങൾ വളച്ചൊടിച്ചു നിഷേധിക്കുക, (1) നബിതിരുമേനിയുടെ നിശാപ്രയാണം, മലക്ക്, ജിന്ന്, ശൈത്താൻ, എന്നിവ നിഷേധിക്കുക, മോഷണം, വ്യഭിചാരം എന്നിവക്ക് ഖുർആൻ അസന്നിഗ്ധമായി നിശ്ചയിച്ച ശിക്ഷാ നിയമങ്ങൾക്ക് മാറ്റം വരുത്തുക––എന്നിത്യാദി തിരുത്തൽ വാദികൾ സാധാരണ പാടിനടക്കാറുള്ള കാര്യങ്ങൾ. നമ്മുടെ നാട്ടിലെ "നവീകരണ" ക്കാർ ഇത്തരക്കാരെ പകർത്തുകയായിരിക്കണം. ഇത്തരം പൊളിച്ചെഴുത്തുകൾ ഖുർആൻ വ്യാഖ്യാനത്തിലേക്ക് മുമ്പത്തേതിനേക്കാളും അപകടകരമായ ഒരാപത്തിനെക്കൂടി ക്ഷണിച്ചുവരുത്താനേ ഉതകൂ എന്ന് പറയേണ്ടതില്ലല്ലോ.

രണ്ടാമത്തെ വിഭാഗത്തിന്റെ വാദഗതിയിതാണ്: ഖുർആനെപ്പറ്റി ഇനി ചിന്തിക്കാനേയില്ല. പൂർവ്വികർ എഴുതിവെച്ച ഗ്രന്ഥങ്ങൾ തന്നെ ധാരാളം മതി. അത് വിശ്വസിക്കുകയേ നമുക്ക് നിർവാഹമുള്ളൂ; ബാധ്യതയുള്ളൂ. അവരെ മറികടന്ന് ഖുർആനെ വ്യാഖ്യാനിക്കാനുള്ള അർഹത ആർക്കുമില്ല. ഈ ചിന്താഗതിയുടെ തീവ്ര വക്താക്കൾ കുറേക്കൂടി മുന്നോട്ടു പോയി തഫ്സീറിന്റെ ലേബലിൽ എഴുതിവെച്ച ഇസ്രാഈൽ കെട്ടുകഥകളെയും ഐതിഹ്യങ്ങളെയും അപ്പടി വിശ്വസിക്കാനും വിശ്വസിപ്പിക്കാനും മുതിരുന്നു. "ബറകത്തി" ന്ന് വേണ്ടി മാത്രമാണ് അവർ തഫ്സീർ ഓതുക. ചിന്തിക്കാനുൽബോധിപ്പിക്കുന്ന ഖുർആനിലെ എണ്ണമറ്റ സൂക്തങ്ങൾ അവർക്ക് ബാധകമല്ലെന്നാണവരുടെ ഭാവം.

"ഖുർആനെ കുറിച്ച് അവർ ചുഴിഞ്ഞാലോചിക്കുന്നില്ലേ? അതല്ല അവരുടെ ഹൃദയങ്ങൾക്ക് പൂട്ടുകളുണ്ടോ?"

"നിനക്ക് അവതരിപ്പിച്ച അനുഗ്രഹീതമായ ഗ്രന്ഥം. അവരതിലെ സൂക്തങ്ങൾ നല്ല പോലെ പരിചിന്തനം ചെയ്യാനും ബുദ്ധിയുള്ളവർ ചിന്തിച്ച് ഉദ്ബുദ്ധരാവാനും വേണ്ടി.'' ഇതെല്ലാം ഇക്കൂട്ടരുടെ ദൃഷ്ടിയിൽ മറ്റാരോടോ ഉള്ള ആഹ്വാനങ്ങളാണ്. മാമൂൽ വിശ്വാസത്തിൽനിന്നും യാഥാസ്ഥിതികതയിൽനിന്നും ഇളകാൻ അവർ തയാറല്ല.

പ്രസ്തുത രണ്ടു വീക്ഷണ ഗതികളും അബദ്ധമാണെന്ന് മുകളിൽ സൂചിപ്പിച്ചതിൽ നിന്ന് തന്നെ വ്യക്തമായല്ലോ? യാഥാർത്ഥ്യത്തിന്റെ ഒരംശം മാത്രമേ അതുൾക്കൊള്ളുന്നുള്ളൂ. പൂർവ്വിക വ്യാഖ്യാനങ്ങളത്രയും അപ്പടി തള്ളിക്കളയേണ്ടതാണോ? ഒരിക്കലുമല്ല. അപ്പടി കൊള്ളേണ്ടതും കണ്ണുമടച്ചു വിശ്വസിക്കേണ്ടതുമാണോ? അതുമല്ല. തഫ്സീറുകളെക്കുറിച്ച ഒരു വിഹഗവീക്ഷണത്തിലൂടെ ഇക്കാര്യം കൂടുതൽ ബോധ്യമാവും.

തഫ്സീറുകളെ അവയുടെ സവിശേഷതയും പ്രതിപാദ്യത്തിന്റെ ഊന്നലും പരിഗണിച്ച് ഏഴു ഇനങ്ങളായി തിരിക്കാം. 1. നിവേദന പ്രധാനം 2. ഇസ്രാഈലി പ്രധാനം 3. ബുദ്ധിപരം 4. കർമ്മശാസ്ത്രപരം 5. ഭാഷാ പ്രധാനം 6. ശാസ്ത്രവിജ്ഞാന പ്രധാനം 7. പ്രബോധനപരം.

ഈ ഇനം തിരിക്കലിൽനിന്ന് തന്നെ വ്യാഖ്യാനങ്ങളുടെ വൈവിധ്യത്തെയും വൈചിത്ര്യത്തെയും കുറിച്ച് ഏതാണ്ടൂഹിക്കാവുന്നതാണ്.എന്താണീ വൈവിധ്യത്തിന് കാരണം? എഴുതുന്ന കാലഘട്ടങ്ങളുടെ സവിശേഷതകൾക്കും എഴുതുന്ന വ്യക്തികളുടെ വൈജ്ഞാനികാഭിരുചികൾക്കും അതിൽ അനല്പമായ പങ്കുണ്ട്. ഉദാഹരണമായി രിവായത്തിന്–നിവേദനത്തിന്–പ്രാമുഖ്യമുണ്ടായിരുന്ന കാലത്ത് അതിനെ ആസ്പദമാക്കിയുള്ള തഫ്സീറുകളാണ് കൂടുതൽ വിരചിതമായത്. കർമ്മശാസ്ത്രം ചിന്താ വിജ്ഞാനമണ്ഡലത്തിൽ ആധിപത്യം വാണ കാലത്ത് അതിലൂന്നിക്കൊണ്ടുള്ള വ്യാഖ്യാനങ്ങളായിരുന്നു കൂടുതൽ. ശാസ്ത്രീയ കണ്ടുപിടുത്തങ്ങളുടെ ഇക്കാലത്ത് അവയുടെ പ്രതിഫലനം വ്യാഖ്യാനഗ്രന്ഥങ്ങളിലും കാണാം. ചിലപ്പോൾ പല സവിശേഷതകൾ ഒരേ കാലഘട്ടത്തിൽ ഒരുമിച്ചുകൂടും. അങ്ങനെ വിജ്ഞാനത്തിന്റെ വിവിധ ശാഖകളോടനുബന്ധിച്ച് വ്യാഖ്യാനങ്ങൾ ഒരേ കാലത്തുണ്ടാവും. അതേപോലെ, ഒരാൾക്ക് ഭാഷാ വിജ്ഞാനത്തിലാണ് താല്പര്യവും പ്രാവീണ്യവുമെങ്കിൽ വിശുദ്ധ ഖുർആന്റെ ആ വശത്തുള്ള മഹിമ എടുത്തുകാട്ടാനാണ് അദ്ദേഹം ശ്രമിക്കുക. സമഖ്ശരിയുടെ " തഫ്സീറുൽ കശ്ശാഫും" അബൂഹയ്യാന്റെ "അൽബഹ്റുൽ മുഹീത്തും" ഇതിന്നുത്തമ ദൃഷ്ടാന്തങ്ങളത്രെ. വേറെ ചിലർക്ക് ബുദ്ധിപരവും തത്വചിന്താപരവുമായ കാര്യങ്ങളിലായിരിക്കും താല്പര്യം. ആ മണ്ഡലങ്ങളായിരിക്കും അവരുടെ പ്രതിഭയുടെ വിഹാര രംഗം. സ്വാഭാവികമായും അതവരുടെ വ്യാഖ്യാനഗ്രന്ഥങ്ങളിലും പ്രതിഫലിക്കും. ഇമാം റാസി(റ) യുടെ 'തഫ്സീറുൽ കബീറും' ഇമാം നൈസാബൂരി(റ)യുടെ *അറാഇബുൽ ഖുർആനി വറആഇബുൽ ഫുർഖാനും* ഇതിനു തെളിവാണ്. മറ്റു ചിലർക്ക് ചരിത്ര സംഭവങ്ങളിലും ഇതിഹാസ കഥകളിലുമായിരിക്കും താല്പര്യവും അവഗാഹവും. അവർ ഖുർആനിലെ ചരിത്രപരമായ, ഭൂതകാലാനുബന്ധിയായ പ്രതിപാദനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.സഅ്ലബിയുടെയും ഖാനിസിന്റെയും തഫ്സീറുകൾ ഇതിന്നുദാഹരണങ്ങളായി ചൂണ്ടിക്കാട്ടാവുന്നതാണ്. അതേപ്പോലെ കർമ്മശാസ്ത്ര പടുക്കളായ വ്യാഖ്യാതാക്കൾ ഖുർആനിലെ കർമ്മശാസ്ത്ര പ്രധാനമായ പ്രതിപാദനങ്ങളുടെ വിശദീകരണത്തിലും അപഗ്രഥനത്തിലും വ്യാപൃതമാവുന്നു. ഉദാ: ജസ്സാസിന്റെ 'അഹ്കാമുൽ ഖുർആൻ' ,ഖുർത്തുബിയുടെ 'അൽജാമിഉലി അഹ്കാമിൽ ഖുർആൻ.'

ഇപ്പറഞ്ഞതുകൊണ്ട് പ്രസ്തുത ഓരോ ഇനം വ്യാഖ്യാനത്തിലും ഏതെങ്കിലുമൊരു വിജ്ഞാനശാഖ മാത്രമേ നിഴ

ലിച്ചു കാണൂ എന്നർത്ഥമാക്കരുത്. പ്രത്യുത അതത് വിജ്ഞാനങ്ങളായിരിക്കും ആ ഗ്രന്ഥങ്ങളുടെ മുഖമുദ്രയെന്നേ അർത്ഥമുള്ളൂ. ചില വ്യാഖ്യാതാക്കൾ വിവിധ വിജ്ഞാനങ്ങളിൽ ഒരുപോലെ നൈപുണ്യം നേടിയെന്നും അതിന്റെയെല്ലാം പ്രതിഫലനം തന്റെ വ്യാഖ്യാനത്തിൽ നിഴലിച്ചുവെന്നും വരാം. മേൽ പറഞ്ഞ ഏഴിനം വ്യാഖ്യാനഗ്രന്ഥങ്ങളെയും പ്പറ്റി, ഓരോ ഇനത്തിൽ നിന്നും ഒന്നോ രണ്ടോ ഗ്രന്ഥങ്ങൾ ഉദാഹരണമായെടുത്ത് സംക്ഷിപ്തമായ ഒരവലോകനം നടത്താനേ ഇവിടെ മുതിരുന്നുള്ളൂ. അത് മുഖേന വിഷയത്തിന്റെ മർമ്മ വശങ്ങൾ വായനക്കാർക്ക് വ്യക്തമാവുമെന്നാശിക്കുന്നു.

## നിവേദന പ്രധാനമായ വ്യാഖ്യാനങ്ങൾ

നബി(സ) ഖുർആനിക സൂക്തങ്ങളുടെ വിശദീകരണമായിപ്പറഞ്ഞ ഹദീസുകളെ ആധാരമാക്കിയുള്ള വ്യാഖ്യാനങ്ങളാണ് ഇതുകൊണ്ടുദ്ദേശ്യം. ഖുർആന്റെ അവതരണ പശ്ചാത്തലങ്ങളും മറ്റു സാഹചര്യങ്ങളും നേരിട്ടറിഞ്ഞവരെന്ന നിലക്ക് സഹാബികളും, അവരുടെ തൊട്ട പിൻമുറക്കാരായ താബിഉകളും ഖുർആന്ന് നൽകിയ വിശദീകരണങ്ങളും ഇതിൽപെടുന്നു. അതെല്ലാം കൂടിയതാണ് *തഫ്സീറുബിർരിവായത്ത്* എന്നോ *തഫ്സീറുബിൽ മഅ്സൂർ* എന്നോ പറയുന്നത്. ഇത്തരം തഫ്സീറുകളിൽ വ്യാഖ്യാതാക്കൾ ഖുർആനിക സൂക്തങ്ങൾക്ക് സ്വന്തമായ വിശദീകരണം നൽകുന്നതിനു പകരം റസൂൽ(സ), സഹാബികൾ, താബിഉകൾ(റ) എന്നിവരിൽനിന്ന് നിവേദന രൂപത്തിൽ ലഭിച്ച വിശദീകരണങ്ങൾ ക്രോഡീകരിക്കുകയാണ് ചെയ്യുക-വ്യാഖ്യാതാവിന്റേതായ വിശദീകരണങ്ങൾ അതിൽ അപൂർവ്വം കണ്ടേക്കാമെങ്കിലും. ഈയിനം തഫ്സീറുകളാണ് ഖുർആൻ വ്യാഖ്യാനമെന്ന നിലയിൽ ആദ്യമുടലെടുത്തത്.

റസൂൽ(സ) സഹാബികൾക്ക് വിശുദ്ധ ഖുർആൻ വിശദീകരിച്ചുകൊടുക്കാറുണ്ടായിരുന്നു-അവ്യക്തമായഅഥവാ വിശദീകരണമാവശ്യമുള്ള ഭാഗങ്ങൾ. ഖുർആൻ കേവലം ഓതി ക്കേൾപ്പിക്കുക മാത്രമല്ല, അത് വിശദീകരിച്ചുകൊടുക്കുകയെന്നതും അവിടുത്തെ ദൗത്യത്തിന്റെ ഒരു ഭാഗമായിരുന്നു. അല്ലാഹു പറയുന്നു:

“ജനങ്ങൾക്ക് അവതരിച്ചു കിട്ടിയത് അവർക്ക് വിവരിച്ചുകൊടുക്കാനായി ഖുർആൻ നിനക്ക് നാം അവതരിപ്പിച്ചിരിക്കുന്നു.” നബി(സ) നൽകുന്ന വിവരങ്ങൾ സഹാബത്ത് പഠിച്ചുപോന്നു. കൂടാതെ ഖുർആന്റെ തന്നെ ആഹ്വാനമനുസരിച്ച് വിചിന്തന സ്വഭാവത്തോടും ആലോചനാ ശീലത്തോടും കൂടിയായിരുന്നു അവർ ഖുർആനെ സമീപിച്ചിരുന്നത്. തങ്ങൾ തിരുമേനിയിൽനിന്ന് പത്തു സൂക്തങ്ങൾ കേട്ടിരുന്നാൽ അതിലടങ്ങിയ വിജ്ഞാനവും കർമ്മകാര്യങ്ങളും പഠിച്ച ശേഷമല്ലാതെ അതിനപ്പുറം കടന്നിരുന്നില്ല എന്ന് ഇബ്നു മസ്ഊദ് (റ) ഉസ്മാനുബ്നു അഫ്ഫാൻ(റ) തുടങ്ങിയ സഹാബി വര്യന്മാർ പറയുന്നു. ഇബ്നു ഉമർ(റ) സൂറ:അൽബഖറ: പഠിക്കാൻ എട്ടുകൊല്ലം ചെലവഴിച്ചുവെന്ന് ഇമാം മാലിക് (റ) *മുവത്വ* യിൽ രേഖപ്പെടുത്തുന്നു. താബിഉകളും ഇതേ നില തുടർന്നു. താൻ ഖുർആൻ ഏഴു പ്രാവശ്യം ഇബ്നുഅബ്ബാസി(റ) ന്റെ അടുത്തുവെച്ച് അവതരണ പശ്ചാത്തലവും നിയമവശങ്ങളുമെല്ലാം വിശദമായി ചർച്ച ചെയ്തുകൊണ്ട് പഠിച്ചുവെന്നു ഒരു താബിഈയായ മുജാഹിദ് (റ) പറയുന്നു. സഹാബികളും താബിഉകളും ഖുർആൻ നന്നായി പഠന-വിചിന്തനം നടത്തിയിരുന്നുവെന്നത് ഇമാം ഇബ്നു തൈമിയ്യ(റ)യും ഇമാം ഇബ്നു കസീറും (റ) ഇബ്നു ഖൽദൂനും സ്ഥിരീകരിച്ചിട്ടുണ്ട്.

ദൗർഭാഗ്യവശാൽ ഹദീസിലെന്നപോലെ തഫ്സീറിലും വ്യാജനിർമ്മിതി കടന്നുകൂടുകയുണ്ടായി. അങ്ങനെ പ്രബലമായ നിവേദനങ്ങളും അല്ലാത്തതും കൂടിക്കലർന്നു. ദുർബ്ബല റിപ്പോർട്ടുകൾ കണക്കില്ലാതെ വർധിച്ചു. അവയുടെ ആധിക്യം ഈയിനം (നിവേദനപരമായ) തഫ്സീറുകളുടെ വിശ്വസനീയത തന്നെ വലിയൊരളവോളം നഷ്ടപ്പെടുത്തി. ഇബ്നു അബ്ബാസി(റ) ലേക്ക് ചേർത്തുകൊണ്ട് ഓരോ സൂക്തത്തിന്നും വ്യാഖ്യാനമുൾക്കൊള്ളുന്ന ഒരു ഗ്രന്ഥം തന്നെ നിർമ്മിതമായിട്ടുണ്ട്. തഫ്സീർ ഇബ്നു അബ്ബാസ് എന്ന പേരിൽ അത് പ്രസിദ്ധമാണ്. പക്ഷെ, നിവേദന ശാസ്ത്രത്തിൽ അവഗാഹമുള്ള പണ്ഡിതന്മാരുടെ ദൃഷ്ടിയിൽ അതിൽ ഭൂരിഭാഗവും വിശ്വാസ്യയോഗ്യമല്ല. ഇമാം ശാഫി (റ) പറയുന്നു: “നൂറോളം ഹദീസുകൾ മാത്രമേ തഫ്സീർ വിഷയകമായി ഇബ്നു അബ്ബാസി(റ)ൽനിന്ന് വിശ്വാസയോഗ്യമായി വന്നിട്ടുള്ളൂ.”(2) (അൽ ഇത്ഖാൻ ഫീ ഉലൂമിൽ ഖുർആൻ വാ:2, പേ:189)

പക്ഷെ ഈ വിഷയകമായി രേഖപ്പെടുത്തപ്പെട്ട മുഴുവൻ റിപ്പോർട്ടുകളും അടിസ്ഥാനരഹിതമാണെന്ന ധാരണ ശരിയല്ല. ബുഖാരി, മുസ്ലിം പോലുള്ള പ്രമാണയോഗ്യമായ ഹദീസുഗ്രന്ഥങ്ങളിൽതന്നെ ധാരാളം സ്ഥിരപ്പെട്ട നിവേദനങ്ങൾ ഈ ഇനത്തിലുണ്ട്. തഫ്സീർ എന്ന തലക്കെട്ടിൽ ഒരു പ്രത്യേക അധ്യായം തന്നെ അവയിൽ കാണാം.

### ത്വബരി

ഈയിനം ഗ്രന്ഥങ്ങളിൽ വിശ്വപ്രശസ്തമത്രെ ഇമാം ഇബ്നുജരീർ ത്വബരി (റ) (ഹി:224-310) വ്യാഖ്യാനഗ്രന്ഥം. ഖുർആൻ വ്യാഖ്യാനത്തിൽ പൊതുവെയും നിവേദനത്തെ അടിസ്ഥാനമാക്കിയുള്ള വ്യാഖ്യാന ഗ്രന്ഥങ്ങളിൽ വിശേഷിച്ചും പ്രഥമ ഗണനീയമാണ് ഈ തഫ്സീർ. അവശേഷിച്ച തഫ്സീറുകളുടെ കൂട്ടത്തിൽ ഒന്നാമത്തേതും ഇതത്രെ. മഹാരഥന്മാരായ പൂർവ്വിക പണ്ഡിതന്മാർ ഇതെപ്പറ്റി പ്രകടിപ്പിച്ച അഭിപ്രായങ്ങൾ നോക്കിയാൽ തന്നെ ഈ തഫ്സീറിന്റെ നിലയും വിലയും മനസ്സിലാക്കാവുന്നതാണ്. ഇമാംഇബ്നു തൈമിയ്യ: (റ) പറയുന്നു: “ ജനങ്ങളുടെ കയ്യിലുള്ള തഫ്സീറുകളിൽ ഏറ്റവും പ്രബലമായത് തഫ്സീർ ത്വബരിയത്രെ. അദ്ദേഹം സ്ഥിരപ്പെട്ട പരമ്പരകളോടെ മുൻഗാമികളുടെ അഭിപ്രായങ്ങളുദ്ധരിക്കുന്നു. അതിൽ ബിദ്അത്ത്--നവനിർമ്മിതി--ഒന്നുമില്ല. മുഖാത്തിലുബ്നു ബുകൈർ, കൽബി പോലുള്ള അവിശ്വസ്തരായ ആളുകളിൽ നിന്ന് അദ്ദേഹം ഉദ്ധരിക്കുന്നില്ല.” (ഫതാവാ. വാ. 2, പേ.192) ഇമാം നവവി (റ) പറയുന്നു: “തഫ്സീർ ത്വബരിയെ പോലെ മഹത്തായ ഗ്രന്ഥം വിരചിതമായിട്ടില്ല എന്ന കാര്യത്തിൽ സമുദായം ഏകോപിച്ചിരിക്കുന്നു” ഇമാം സുയൂത്തി(റ) പറയുന്നു: “ഇബ്നു ജരീറിന്റെ തഫ്സീർ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ ഏറ്റവും മഹത്തും ബൃഹത്തുമത്രെ. അഭിപ്രായങ്ങളുടെ ന്യായാന്യായത എടുത്തുകാട്ടുക, അവ പരസ്പരം നിരൂപിച്ച് വിലയിരുത്തുക, വ്യാകരിക്കുക, വിചക്ഷണം നടത്തുക തുടങ്ങിയതിനെല്ലാം അദ്ദേഹം തുനിഞ്ഞിട്ടുണ്ട്. തന്മൂലം പൂർവ്വിക വ്യാഖ്യാനങ്ങളെയെല്ലാം അത് മികച്ചു നിൽക്കുന്നു” (അൽ ഇത്ഖാൻ വാ. 2, പേ. 190).

ഇപ്പറഞ്ഞതുകൊണ്ട് ത്വബരി കേവലം അന്യൂനമാണെന്ന് അർത്ഥമാക്കേണ്ടതില്ല. ദുർബ്ബലങ്ങളായ ഹദീസുകൾ ത്വബരിയിൽ നിരവധിയുണ്ട്. ഇസ്രാഈൽ കഥകൾ ധാരാളമായുദ്ധരിക്കുന്നുവെന്നതും ഇതിന്റെ പ്രകടമായ ന്യൂനതയത്രെ. ഈ ന്യൂനത കാരണം ചിലർ ത്വബരിയെ കഠിനമായി വിമർശിക്കാറുണ്ട്. പക്ഷെ, ഗ്രന്ഥരചനയിൽ അദ്ദേഹം സ്വീക

രിച്ചനയം വിസ്മരിച്ചുകൊണ്ടുള്ളതാണ് ഈ അവഗണനയും വിമർശനവും. വ്യാഖ്യാനസംബന്ധമായി വരുന്ന മുഴുവൻ നിവേദനങ്ങളും ശേഖരിക്കുക എന്ന മാർഗമായിരുന്നു അദ്ദേഹം അവലംബിച്ചിരുന്നത്. പക്ഷെ, ഓരോ റിപ്പോർട്ടിന്റെയും കൂടെ നിവേദന പരമ്പരകൂടി ഉദ്ധരിക്കുക വഴി അവയിൽ ദുർബ്ബലവും പ്രബലവും വേർതിരിക്കാനുള്ള മാർഗം അദ്ദേഹം പിന്മുറക്കാരുടെമുമ്പിൽ തുറന്നുവെച്ചിട്ടുണ്ട്. ഹദീസ് നിരൂപണ ശാസ്ത്രത്തിൽ അവഗാഹമുള്ള ഒരാൾക്ക് അതിലെ നെല്ലും പതിരും വേർതിരിക്കാൻ പ്രയാസമില്ല. ഇബ്നുകസീർ (റ) പിന്നീട് വന്നു ചെയ്തതും അതായിരുന്നു. പില്ക്കാലത്തെ ചില വ്യാഖ്യാതാക്കൾ ചെയ്തതുപോലെ നിവേദന പരമ്പര കാണിക്കാതെ ഓരോ സൂക്തത്തിന്റെയും നേരെ തിരുമേനിയുടേതോ സഹാബികളുടേതോ ആയി കുറേ വ്യാഖ്യാനങ്ങളുദ്ധരിക്കുക എന്ന മാർഗ്ഗമാണ് അദ്ദേഹം സ്വീകരിച്ചത്. ആ മാർഗ്ഗം സ്വീകരിച്ചതിനാലാണ് തഫ്സീറുകൾ വ്യാജ ഹദീസുകളാൽ നിബിഡമായതിന്നു പുറമെ അവ വിശ്വാസയോഗ്യമാണെന്ന് ധരിക്കപ്പെടുകയും ചെയ്തത്. നിവേദന പരമ്പര ഉദ്ധരിക്കുക വഴി ത്വബരി ഈ ആപത്തൊഴിവാക്കി. മാത്രമല്ല, പല സ്ഥലങ്ങളിലും പ്രബലമായ ഹദീസും അല്ലാത്തതും ചൂണ്ടിക്കാട്ടാൻ അദ്ദേഹം മുതിരുകയും ചെയ്തിട്ടുണ്ട്. പല ഇസ്രാഈൽ കഥകളുടെ അടിസ്ഥാനരാഹിത്യം തുറന്നുകാട്ടിയിട്ടുമുണ്ട്. ബാക്കിയുള്ളത് അദ്ദേഹം കാണിച്ച സാമ്പിളിന്റെ അടിസ്ഥാനത്തിൽ നിരൂപണം നടത്താനുള്ള ബാധ്യത പിൻമുറക്കാരുടെ ചുമലിൽ വിട്ടതാവാം. ഏതായാലും, ആദിയിൽ ചൂണ്ടിക്കാണിച്ചതുപോലെ ചരിത്ര വിജ്ഞാനത്തിലുണ്ടായിരുന്ന അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിരുചിയും അദമ്യമായ താൽപര്യവും നിരുപമമായ പാണ്ഡിത്യവും തന്റെ വ്യാഖ്യാനത്തിൽ സ്വാധീനം ചെലുത്തിയെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. "സമുദായങ്ങളുടെയും രാജാക്കന്മാരുടെയും ചരിത്രം" എന്ന വിശ്വ വിഖ്യാത ചരിത്ര ഗ്രന്ഥത്തിന്റെ കർത്താവാണല്ലോ ത്വബരി(റ).

### ഇബ്നുകസീർ

ത്വബരിയെക്കഴിഞ്ഞാൽ നിവേദനപരമായ വ്യാഖ്യാനങ്ങളിൽ എന്തുകൊണ്ടും ഒന്നാം സ്ഥാനമർഹിക്കുന്നതാണ് ഇമാം ഹാഫിസ് ഇബ്നുകസീറി (റ) (ഹി:700–774) ന്റെ തഫ്സീർ. നിവേദനങ്ങളെ നിരൂപണം ചെയ്ത് പ്രബലവും ദുർബ്ബലവും വേർതിരിക്കുക, അഭിപ്രായങ്ങളിൽ തള്ളേണ്ടതും കൊള്ളേണ്ടതും എടുത്തുകാണിക്കുക തുടങ്ങി ത്വബരിയേക്കാൾ ഇതിന്ന് ചില സവിശേഷതകൾ കൂടിയുണ്ട്. ഇസ്രാഈലീ റിപ്പോർട്ടുകളെക്കുറിച്ച കണിശമായ നിരൂപണവും കർശനമായ വിമർശനവും ഈ തഫ്സീറിനെ ഇതര വ്യാഖ്യാനഗ്രന്ഥങ്ങളിൽനിന്നുയർത്തി നിർത്തുന്നു. ഹദീസ് വിജ്ഞാനത്തിലും നിവേദന നിരൂപണ ശാസ്ത്രത്തിലും ഈ മഹാനുണ്ടായിരുന്ന നിരുപമമായ പാടവവും പാണ്ഡിത്യവുമായിരുന്നു അദ്ദേഹത്തെ തന്റെ ഗ്രന്ഥത്തെ പ്രമാണയോഗ്യവും മാതൃകാപരവുമാക്കിത്തീർക്കാൻ സഹായിച്ചത്. ഈ തഫ്സീറിന്റെ പ്രകടമായ മറ്റൊരു സവിശേഷത പരസ്പരം സദൃശമായ ആയത്തുകൾ സംഘടിപ്പിച്ച് വിശദീകരിക്കുക എന്ന വ്യാഖ്യാനത്തിന്റെ ഉത്തമ മാതൃക കൈക്കൊള്ളുന്നുവെന്നതും അപ്രധാനവും അപ്രസക്തവുമായ കാര്യങ്ങൾ ഒഴിവാക്കുന്നുവെന്നതുമാണ്. ഈ സവിശേഷതകൾ, സരളമായ ശൈലിയിൽ, മടുപ്പിക്കുന്ന ദൈർഘ്യമില്ലാതെയുള്ള ഈ ഗ്രന്ഥത്തിന്ന് ഖുർആൻ വ്യാഖ്യാന ലോകത്തിന്റെ പൊതുവെയുള്ള സമ്മതി നേടിക്കൊടുത്തിട്ടുണ്ട്.

നിവേദനപരമായ വ്യാഖ്യാനങ്ങളിൽ പ്രാധാന്യമർഹിക്കുന്ന മറ്റു ഗ്രന്ഥങ്ങളാണ് ഇമാം അബുല്ലൈസ് സമർഖന്തിയുടെ (മരണം ഹി:385ൽ) "ബഹ്റുൽ ഉലൂം" ഇമാം ബഗവിയുടെ (മരണം ഹി: 510ൽ) "മആലിമുത്തൻസിൽ" ഇബ്നു അതിയ്യയുടെ (മരണം ഹി: 564ൽ) "അൽ മുഹർററുൽ വജീസ് ഫീ തഫ്സീറിൽ കിതാബിൽ അസീസ്" ഇമാം സആലബി(റ)യുടെ (മരണം ഹി: 876 ൽ) "അൽജവാഹിറുൽ ഹിസാൻ ഫീ തഫ്സീരിൽ ഖുർആൻ " ഇമാം സുയൂത്തി(റ) യുടെ (ഹി: 848–911) "അദ്ദുററുൽ മൻസൂർ ഫിത്തഫ്സീരിൽ മഅ്സൂർ" എന്നിവ. ഈ ഒടുവിൽ പറഞ്ഞത് രിവായത്തുകളെ അടിസ്ഥാനമാക്കി മാത്രമുള്ളതാണ്. കല്ലും നെല്ലും വേർതിരിക്കാതെ റിപ്പോർട്ടുകൾ ശേഖരിക്കുക മാത്രമെ അതിൽ ചെയ്തിട്ടുള്ളൂ. മേൽപറഞ്ഞ ബഗവി (റ) യുടെയും ഇബ്നു അത്വിയ്യ: (റ) യുടെയും തഫ്സീറുകളെ വിലയിരുത്തിക്കൊണ്ട് ഇമാം ഇബ്നുതൈമിയ്യ(റ) അദ്ദേഹത്തിന്റെ *മുഖദ്ദിമത്തു ഉസ്വൂലുത്തഫ്സീർ* എന്ന കൃതിയിലും ഫതാവായിലും താരതമ്യേന നല്ല അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്.

## 2. ഇസ്രാഈലീ പ്രധാനമായ വ്യാഖ്യാനങ്ങൾ

വിശുദ്ധ ഖുർആനിൽ പൂർവ്വിക സമുദായങ്ങളെക്കുറിച്ച് പൊതുവെയും ഇസ്രാഈൽ സമുദായത്തെക്കുറിച്ച് വിശേഷിച്ചും ധാരാളം പരാമർശങ്ങളും പ്രതിപാദനങ്ങളുമുണ്ട്. കഴിഞ്ഞുപോയ പല ചരിത്ര സംഭവങ്ങളിലേക്കും ഖുർആൻ സൂചന നൽകിയിട്ടുണ്ട്. ഈ സൂചനകളെയും പ്രതിപാദനങ്ങളെയും പൂർവ വേദക്കാർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന കഥകളെയും ഐതിഹ്യങ്ങളെയും ആധാരമാക്കി വ്യാഖ്യാനിക്കാനും വിശദീകരിക്കാനും ഒരു വിഭാഗം ഗ്രന്ഥകാരന്മാർ മുതിരുകയുണ്ടായി. അത്തരം ഗ്രന്ഥങ്ങളാണ് ഈ ഇനത്തിൽ പെടുന്നത്.

ഖുർആൻ വ്യാഖ്യാനത്തെ പൊതുവെ അലങ്കോലപ്പെടുത്തുന്നതിലും വിശിഷ്യാ നിവേദനപരമായ തഫ്സീറിന്റെ വിശ്വാസ്യതയെ അപ്പാടെ ദുർബലപ്പെടുത്തുന്നതിലും "ഇസ്രാഈലിയ്യാത്ത് " വഹിച്ച പങ്ക് ചില്ലറയൊന്നുമല്ല. അതിനാൽ ആ വശത്തെ തെല്ലൊന്ന് പരാമർശിക്കാതിരിക്കുന്നത് ഈ വിഷയത്തോട് ചെയ്യുന്ന നീതിയാവില്ല.

### ഇസ്രാഈൽ കഥകൾ

പൂർവ്വിക സമുദായങ്ങളെയും ചരിത്ര സംഭവങ്ങളെയും സംബന്ധിച്ച ഖുർആനിലെ പ്രതിപാദനങ്ങളുടെ വിശദീകരണങ്ങളറിയാൻ അതിന്റെ അഭിസംബോധിതർക്ക് ജിജ്ഞാസയുളവാകുക സ്വാഭാവികമാണ്. അതിന്നവർക്കുള്ള അവലംബം പൂർവവേദക്കാരായിരുന്നു. തൗറാത്തിലെയും ഖുർആനിലെയും പ്രതിപാദ്യ വിഷയങ്ങളിൽ ധാരാളം സാദൃശ്യം ഉണ്ട്. അവയെക്കുറിച്ച് വേദക്കാരുമായി പരസ്പരം ചർച്ച ചെയ്യാനും ആശയവിനിമയം നടത്താനും മുസ്ലിംകൾ ഉത്സുകരായി. നബി(സ) ഈ ജിജ്ഞാസയെ നിരുത്സാഹപ്പെടുത്തിയില്ല. പ്രത്യുത ചില ഉപാധികളോടെ അതിന്നനുവാദം നൽകി. അവിടുന്നു അരുൾ ചെയ്തു: "എന്നിൽനിന്ന് ഒരു സൂക്തമെങ്കിലും നിങ്ങൾ മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുക. ഇസ്രാഈല്യരിൽനിന്നു നിങ്ങൾ ഉദ്ധരിച്ചുകൊള്ളുക. വിരോധമില്ല. പക്ഷെ എന്റെ പേരിൽ ആരെങ്കിലും കരുതിക്കൂട്ടി വ്യാജം നിർമ്മിച്ചാൽ നരകത്തിൽ തന്റെ ഇരിപ്പിടം ഒരുക്കിക്കൊള്ളട്ടെ." (ബുഖാരി)

വേദക്കാരിൽനിന്ന് കണ്ടതും കേട്ടതും ഇടവും വലവും

നോക്കാതെ പകർത്താനോ അതവലംബിക്കാനോ നബി(സ) അനുവാദം നൽകിയിട്ടില്ല. സത്യാസത്യവിവേചനത്തോടെ അതിനെ സമീപിക്കാനാണ് അവിടുന്ന് നിർദേശിച്ചത്:

"വേദക്കാരെ നിങ്ങൾ സത്യമാക്കി വിശ്വസിക്കുകയോ വ്യാജമാക്കിത്തള്ളുകയോ ചെയ്യരുത്. ഞങ്ങൾ അല്ലാഹുവിലും ഞങ്ങൾക്ക് അവതരിച്ചുകിട്ടിയതിലും വിശ്വസിച്ചിരിക്കുന്നു എന്ന് നിങ്ങൾ പറയുക."

സഹാബികൾ തിരുമേനിയുടെ ഈ നിർദേശങ്ങളും നിബന്ധനകളും പാലിച്ചുപോന്നു. അവയുടെ പരിധിക്കുള്ളിൽനിന്ന് കൊണ്ട് മാത്രമേ അവർ വേദക്കാരിൽ നിന്ന് കേൾക്കുകയോ സ്വീകരിക്കുകയോ ചെയ്തിരുന്നുള്ളൂ. പക്ഷെ പിന്മുറക്കാർ ഇതിൽ അ യവു കൈകൊണ്ടു. വേദക്കാരിൽനിന്ന് ഇസ്‌ലാമിലേക്ക് വന്നവർ ഈ അയവ് കൂടുതൽ വിശാലമാക്കി. അങ്ങനെ ഇസ്രാഈല്യരിൽ നടപ്പുണ്ടായിരുന്ന നാടോടിക്കഥകളും ഐതിഹ്യങ്ങളും തഫ്സീറുകളിൽ കടന്നുകൂടിത്തുടങ്ങി. പിന്നെ അതിന്നൊരറ്റമുണ്ടായില്ല. പൗരാണിക മനുഷ്യൻ തന്റെ ഭാവനാ വിലാസംകൊണ്ട് മെനഞ്ഞെടുത്ത കല്പിത കഥകൾ ഖുർആൻ വ്യാഖ്യാനമെന്ന സുന്ദരനാമത്തിൽ ഗ്രന്ഥങ്ങളിൽ സ്ഥലം പിടിച്ചു. യാഥാർഥ്യമെന്നതോ പോവട്ടെ, കേട്ടാൽ ഭൂമുഖത്തെ മുഴുവൻ മനുഷ്യരും ചിരിച്ചു മണ്ണുകപ്പുമാറുള്ളത്രയും അതിശയോക്തിപരമായ 'ചെറുകഥ' കളും 'നീണ്ടകഥ ' കളുമായിരുന്നു അവ. ഭൂമിയിൽ നിന്നാൽ സൂര്യനെ തൊടാനെത്തുന്ന ദീർഘ കായന്മാരായ ഊജുബ്നു ഉനുഖു(3)കൾ. സ്വർണ്ണം, മരതകം, വൈഡൂര്യം തുടങ്ങിയ അനർഘ രത്നങ്ങൾക്കൊണ്ടുമാത്രം ഭൂലോക സ്വർഗമായ അദൻ തോട്ടം നിർമ്മിച്ച ശദ്ദാദുമാർ,(4) മുത്തിന്റെയും മരതകത്തിന്റെ ചിറകുകളുമായി, നാനാവർണ്ണ വിചിത്ര സുന്ദരമായ സ്വർണ്ണപക്ഷികളുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന പിശാചുക്കൾ (5) തുടങ്ങി എന്തെല്ലാം വിചിത്ര ജീവികളാണ് തഫ്സീറിന്റെ താളുകളിൽ ഇരിപ്പുറപ്പിച്ചത്. ചുരുക്കത്തിൽ "അത്ഭുത കഥ" കളുടെ ഒരു ഗ്രന്ഥ ലോകം തന്നെ ഖുർആൻ വ്യാഖ്യാനത്തിന്റെ പരിവേഷം പൂണ്ട് രംഗത്ത് വന്നു. ഖുർആനോടും അത് വരുത്തിത്തീർത്ത വിശ്വോത്തര വിപ്ലവത്തോടും അത് സൃഷ്ടിച്ച സമുദായത്തോടും കുലവൈരവും വിദ്വേഷവും വെച്ചു പുലർത്തിയ ജൂതന്മാർ കല്പിച്ചുകൂട്ടി അതിനെ വികൃതമാക്കാൻ ചെയ്ത വല്ല പദ്ധതിയുടെയും ഭാഗമായിരുന്നോ ഇത്? അറിയാതെ മുസ്‌ലിം പണ്ഡിതന്മാർ അതിൽ പെട്ടുപോയതാണോ?—ഇത് സൂക്ഷ്മമായ പരിശോധനയർഹിക്കുന്ന വിഷയമത്രെ.

## അപകടം പിണഞ്ഞതെങ്ങനെ?

പൂർവ്വിക സമുദായങ്ങളെക്കുറിച്ച ഖുർആനിലെ പ്രതിപാദനങ്ങളുടെ വിശദാംശങ്ങളറിയാൻ, ആ സമുദായങ്ങളുടെ അടിസ്ഥാന ഗ്രന്ഥങ്ങളെ സമീപിക്കുന്നതിന്ന് പകരം സാധാരണക്കാരായ ഇസ്രാഈല്യരോട് ചോദിച്ച് അവരുടെയിടയിൽ നടപ്പുണ്ടായിരുന്ന നാടോടിക്കഥകൾ ഖുർആൻ വ്യാഖ്യാനത്തിലേക്ക് പകർത്താൻ തുടങ്ങിയതാണ് തഫ്സീറുകളെ അലങ്കോലപ്പെടുത്തിയത്. ആധാര ഗ്രന്ഥങ്ങളെ അവലംബിച്ചിരുന്നുവെങ്കിൽ ഈ അപകടം പിണയുമായിരുന്നില്ല. ഇസ്രാഈൽ കടങ്കഥകൾ തഫ്സീറിൽ കടന്നുകൂടാനുള്ള കാരണം വിവരിച്ചുകൊണ്ട് ഇബ്നുഖൽദൂൽ അദ്ദേഹത്തിന്റെ "മുഖദ്ദിമ"യിൽ എഴുതുന്നു: "അതിനു കാരണം, അറബികൾ ഗ്രന്ഥമോ വിജ്ഞാനമോ ഉള്ളവരായിരുന്നില്ല. ഗ്രാമീണതയും നിരക്ഷരത്വവുമായിരുന്നു അവരിൽ മികച്ചു നിന്നിരുന്നത്. അതിനാൽ സൃഷ്ടിയുടെ ആദി, പ്രാപഞ്ചിക രഹസ്യങ്ങൾ, പ്രകൃതി പ്രതിഭാസങ്ങൾ തുടങ്ങി മനുഷ്യമനസ്സിന് ജിജ്ഞാസയുളവാക്കുന്ന വല്ലതും അറിയാനാഗ്രഹം ജനിച്ചാൽ തങ്ങൾക്കിടയിലെ പൂർവ്വവേദക്കാരോടായിരുന്നു അവർ ചോദിക്കാറും മനസ്സിലാക്കാറും.... അക്കാലത്ത് അറബികൾക്കിടയിലുള്ള തൗറാത്തിന്റെ ആളുകളാവട്ടെ തങ്ങളെപ്പോലെ തന്നെ ഗ്രാമ്യ ജീവിതം നയിക്കുന്നവരായിരുന്നു. വേദക്കാരിലെ 'ബഹുജന' ത്തിന്നറിയാവുന്ന കാര്യങ്ങളേ അവർക്കറിയുമായിരുന്നുള്ളൂ." (പേ:439) മൗലാനാ ഹമീദുദ്ദീൻ ഫറാഹിയുടെ ഏതാനും വാക്കുകൾ കൂടി ഇതോടു ചേർത്തു വായിക്കുക. "സാധാരണക്കാരുടെയും, ചരിത്ര ഗ്രന്ഥങ്ങളെയോ പ്രവാചകന്മാരുടെയും ഇസ്രാഈല്യരുടെ സംഭവങ്ങളെയോ കുറിച്ച് അറിവില്ലാത്തവരുടെയും ജിഹ്വകളിൽനിന്നായിരുന്നു മുഫസ്സിറുകൾ അവയത്രയും സ്വീകരിച്ചത്. അവരുടെ പ്രമാണയോഗ്യമായ ഗ്രന്ഥങ്ങളിൽനിന്ന് സ്വീകരിക്കുകയായിരുന്നു വേണ്ടത്. (തഫ്സീറു നിസാമിൽ ഖുർആൻ പേ:11)

ആക്ഷേപാർഹമാം വിധം ഇസ്രാഈൽ കഥകളാൽ നിറഞ്ഞ തഫ്സീറുകളത്രെ, സആലിബിയുടെ (മരണം ഹി:427 ൽ) *അൽ കശ്ഫു വൽ ബയാനു അൻ തഫ്സീരിൽ ഖുർആൻ*, ഖാസിനിന്റെ (678–741) *ലിബാബുത്തഅ്‌വീലി ഫീ മആനിത്തൻ സീലി*, ഖത്തീബുശ്ശർബാനിയുടെ (മരണം ഹി: 977ൽ) *സിറാജുൽ മുനീർ* എന്നിവ.

## മൂലഗ്രന്ഥങ്ങളെ അവലംബിച്ചിരുന്നെങ്കിൽ!

കേട്ടുകേൾവിയെ അടിസ്ഥാനമാക്കിയുള്ള കെട്ടുകഥകളെ ആസ്പദമാക്കുന്നതിന്ന് പകരം വേദക്കാരുടെ മൂലഗ്രന്ഥങ്ങളെ അവലംബിക്കുകയും അവയെ സൂക്ഷ്മ ദൃഷ്ടിയോടും വിവേചനാ ശീലത്തോടും സമീപിക്കുകയും ചെയ്തിരുന്നെങ്കിൽ, തഫ്സീറുകളിൽനിന്ന് "ഇസ്രാഈലിയ്യാത്ത് " കൊണ്ടുള്ള വിന ഒഴിവാക്കാമായിരുന്നുവെന്ന് മാത്രമല്ല മറ്റു പല നല്ല ഫലങ്ങളുമുണ്ടാകുമായിരുന്നു. ഖുർആനെയും പൂർവവേദങ്ങളെയും താരതമ്യ പഠനം നടത്തുന്ന സൂക്ഷ്മദൃക്കുക്കൾക്ക്, വികലമായിപ്പോയ ചരിത്ര യാഥാർഥ്യങ്ങൾ, ഖുർആന്റെ സത്യതക്കും അമാനുഷികതക്കുമുള്ള തെളിവുകൾ, ദൈവിക ശരീഅത്തിന്റെ ക്രമാനുഗതമായ വളർച്ചയുടെ ഘട്ടങ്ങൾ തുടങ്ങി പലതും പഠിക്കാൻ സാധിക്കും. ഈ വിഷയം വിശദമായി ചർച്ച ചെയ്ത ശേഷം മൗ. ഹമീദുദ്ദീൻ ഫറാഹി എഴുതുന്നു: "ഇത്രയും പറഞ്ഞതിൽനിന്ന് സുപ്രധാനമായ ചില കാര്യങ്ങൾ സിദ്ധിക്കുന്നു. 1. പൂർവ്വവേദങ്ങളെ ഖുർആനുമായി ഒത്തുനോക്കി അവയെ തിരുത്തുകയും അതിലെ പ്രസ്താവങ്ങളുടെ പൊരുൾ മനസ്സിലാക്കുകയും ചെയ്യുക. വേദക്കാർക്ക് സത്യം വ്യക്തമാവാൻ അത് കാരണമാവും. 2. ഖുർആനിൽ പ്രതിപദിച്ച കഥകളുടെ വിശദീകരണമറിയാൻ അവ ഒരു മാർഗ്ഗമാണ്. അഭിപ്രായാന്തരം വരുന്നേടത്ത് ഖുർആനായിരിക്കും നമ്മുടെ അവലംബമെന്നു മാത്രം. കാരണം, ഖുർആൻ മാത്രമാണ് സുരക്ഷിതം. 3. ദൈവിക ശരീഅത്തിന്റെ ആദ്യഘട്ടം മുതൽ ഒടുവിലത്തേതായ നമ്മുടെ ശരീഅത്തിന്റെ ഘട്ടം വരെയുള്ള പരിവർത്തന ഘട്ടങ്ങളെ പരിശോധിക്കുന്ന ഒരാൾക്ക് നമ്മുടെ ഈ സമ്പൂർണ്ണ ശരീഅത്തിന്റെ മാഹാത്മ്യം വ്യക്തമാവും. (അതിനുള്ള അവലംബം പൂർവ്വവേദങ്ങളത്രെ.) 4. പരസ്പര വിരുദ്ധമായി വന്ന ഇസ്രാഈൽ കഥകളുടെ യഥാർഥ നില വ്യക്തമാവും. 5. വേദക്കാർക്ക് ബോധ്യമാവും, ഖുർആൻ നബി (സ) അവരിൽ നിന്ന് കേട്ട് പഠിച്ചതല്ല; പ്രത്യുത അവരുടെ വക്രതയും വ്യതിയാനവും ശരിപ്പെടുത്തുകയും അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്കവരെ നയിക്കുകയും

ചെയ്യാൻ ദൈവത്തിൽനിന്നവതീർണ്ണമായ ഗ്രന്ഥമാണതെന്ന്." (പേ:23)

ഈയടിസ്ഥാനത്തിൽ പൂർവ്വവേദങ്ങളെ നിരൂപിച്ച് വില യിരുത്തി ദീനിന്നും സമുദായത്തിന്നും മഹത്തായ സേവന മർപ്പിക്കുകയുണ്ടായി ഇമാം ഇബ്നുതൈമിയ്യ (റ). അദ്ദേഹ ത്തിന്റെ *അൽ ജവാബുസ്സ്വഹീഹു ലിമൻ ബദ്ദല ദീനുലൽ മസീഹ്* എന്ന കൃതി അതിനുത്തമ ദൃഷ്ടാന്തമത്രെ. തന്റെ ശിഷ്യനായ ഇബ്നു കസീറും (റ) ആ മാതൃക പിന്തുടർന്നു. 'ഇസ്രാഈലിയ്യാത്തി' നെ വിമർശന–നിരൂപണ ബുദ്ധ്യാ സമീ പിച്ച് സത്യവും വ്യാജവും വേർതിരിച്ചു കാണിച്ചു. അങ്ങനെ യാണ് അദ്ദേഹത്തിന്റെ തഫ്സീർ മാതൃകാപരവും പ്രശംസ നീയവുമായത്. ആധുനിക കാലത്ത് പൂർവ്വ വേദങ്ങളെ സൂക്ഷ്മ മായി അപഗ്രഥനം ചെയ്ത് നിരൂപണ ദൃഷ്ട്യാ വിലയിരുത്തി തദ്വാര ഖുർആന്റെ യാഥാർഥ്യതയും ചരിത്രപരമായ പ്രതി പാദനങ്ങളിൽ അതിന്റെ വിശ്വസനീയതയും തെളിയിച്ചു കാട്ടിയ ഗ്രന്ഥങ്ങളുടെ മുൻപന്തിയിൽ നിൽക്കുന്നു മൗ: അബുൽ അഅ്ലാ മൗദൂദിയുടെ 'തഫ്ഹീമുൽ ഖുർആൻ" .

## 3. ബുദ്ധിപരമായവ

ഇസ്ലാമിക വിജയങ്ങളെത്തുടർന്ന് വൈജ്ഞാനികവും ചിന്താപരവുമായ മണ്ഡലത്തിൽ മുസ്ലിംകൾക്കിടയിൽ പല പരിവർത്തനങ്ങളുമുണ്ടായി. റോമാ–പേർഷ്യാ സാമ്രാജ്യ ത്തിലെ സാംസ്കാരിക വൈജ്ഞാനിക പൈതൃകങ്ങൾ ഇസ്ലാമികലോകത്തേക്ക് പ്രവഹിച്ചു. കീഴടങ്ങിയ സമുദാ യങ്ങൾ തങ്ങളുടെ വൈജ്ഞാനിക ശേഖരങ്ങൾ വഹിച്ചാണ് സ്വാഭാവികമായും ഇസ്ലാമിക സമുദായത്തിന്റെ വരുതിയി ലേക്ക് വന്നിരിക്കുക. അതിന്നും പുറമെ അബ്ബാസിയാ ഭരണ കർത്താക്കൾ ഇതര വിജ്ഞാന കലാശാസ്ത്രങ്ങൾ അറബി യിലേക്ക് വിവർത്തനം ചെയ്യുന്നതിലും പ്രചരിപ്പിക്കുന്നതിലും വ്യാപൃതരായിരുന്നു. അങ്ങനെ യവന–റോമൻ തത്വചിന്തകളും വിജ്ഞാനീയങ്ങളും മുസ്ലിംകളിലേക്ക് പകർന്നു. ഈ പരി വർത്തന പ്രക്രിയകൾ മുസ്ലിംകൾക്കിടയിൽ പല പുതിയ ചർച്ചകളുടെയും ചിന്തകളുടെയും കവാടം തുറന്നു. ഇസ്ലാമിന്റെ പല അടിസ്ഥാന പ്രമാണങ്ങളോടും വിരുദ്ധമായ ധാരാളം കാര്യങ്ങൾ പ്രസ്തുത വിജ്ഞാനത്തിലുണ്ടായിരുന്നു. അവയുടെ അതിപ്രസരത്തിന്നിരയായ പിഴച്ച പല വിഭാഗങ്ങളും മുസ്ലിംകൾക്കിടയിൽ ഉടലെടുക്കുകയുണ്ടായി. ഈ വിഭാഗ ങ്ങളുടെ വാദഗതികളെ ഖണ്ഡിക്കാനും പ്രസ്തുത തത്വ ചിന്ത കളും വിജ്ഞാനങ്ങളും ഇസ്ലാമിന്റെ അടിസ്ഥാനങ്ങളുടെ നേരെയുയർത്തുന്ന വെല്ലുവിളികളെ നേരിടാനും ഒരു വിഭാഗം പണ്ഡിതന്മാർ ഉദ്യുക്തരായി. ആ അടിസ്ഥാനത്തിൽ ഖുർ ആന്ന് വ്യാഖ്യാനങ്ങളെഴുതി. ഇത്തരം വ്യാഖ്യാനങ്ങളാണ് "ബുദ്ധിപര" മെന്നതുകൊണ്ടുദ്ദേശിക്കുന്നത്. കർമ്മശാസ്ത്ര പരമോ ഭാഷാപരമോ ആയ പ്രതിപാദനങ്ങളുണ്ടാവാമെങ്കിലും ബുദ്ധി വ്യായാമവും മാനസിക വ്യാപാരവും തത്വചിന്താപര മായ ചർച്ചകളുമായിരിക്കും ഈ ഗ്രന്ഥങ്ങളുടെ മുഖമുദ്രയെന്നേ ഇതിന്നർഥമുള്ളൂ. ചിന്താമണ്ഡലത്തിൽ ഇസ്ലാമിനെ പ്രതി രോധിക്കുകയായിരുന്നു ഇത്തരം വ്യാഖ്യാനകർത്താക്കളു ടെയും പണ്ഡിതന്മാരുടെയും ലക്ഷ്യമെങ്കിലും ക്രമേണ ഈ ചിന്താരീതി അതിരുകടന്ന് ഖുർആന്നപരിചിതവും അതിന്റെ സ്വാഭാവികതക്ക് നിരക്കാത്തതുമായ ഒരു തരം കേവല ബുദ്ധി പരതയും ശുഷ്കമായ തത്വചിന്താ പ്രവണതയും അതിൽ ആധിപത്യം ചെലുത്തുകയുണ്ടായി.

### തഫ്സീറുർറാസി

ഈ ഇനം വ്യാഖ്യാനങ്ങളിൽ ഏറ്റവും പ്രധാനമത്രെ ഇമാം ഫഖ്റുദ്ദീൻ റാസി(റ) (544–606)യുടെ തഫ്സീറുൽ കബീർ എന്ന പേരിൽ പ്രസിദ്ധമായ "മഫാത്തിഹുൽ ഗൈബ്." അനേകം വാള്യങ്ങളുള്ള ഈ ബ്രഹത് ഗ്രന്ഥം കർത്താവിന്റെ അതുല്യമായ പ്രതിഭാവിലാസത്തെ വിളംബരം ചെയ്യുന്നു. ഈ തഫ്സീർ പൂർണമായി റാസിയുടെതല്ലെന്നും അവസാന ഭാഗ ങ്ങൾ മറ്റാരോ പൂരിപ്പിച്ചതാണെന്നും ഇബ്നുഖല്ലിക്കാൻ, ഇബ്നു ഹജറുൽ അസ്ഖലാനി തുടങ്ങിയ സൂക്ഷ്മജ്ഞരായ പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. അതിലെ തന്നെ ചില വാചകങ്ങൾ ഈ വിശ്വാസത്തെ ശരിവെക്കുന്നുമുണ്ട് *സൂറ ത്തുൽ വാഖിഅ്* 24ാം സൂക്തത്തിൽ *ജസാഉബിമാ കാനൂ യഅ്മലൂൻ* എന്നിടത്തിങ്ങനെ കാണാം:

"ഒന്നാമത്തെ പ്രശ്നം താത്വികമാണ്. പരേതനായ ഇമാം ഫഖ്റുദ്ദീൻ പലേടത്തും അതെടുത്തു പറഞ്ഞിട്ടുണ്ട്. അതിൽ ചിലത് നാമിവിടെ അനുസ്മരിക്കാം." ഏതായാലും മൂലഗ്ര ന്ഥവും അനുബന്ധവും തമ്മിൽ പ്രകടമായ യാതൊരന്തരവു മില്ല. ഒരേ ശൈലി ഒരേ പ്രതിപാദനരീതി. ഒരേ കർത്താവിന്റെ ഗ്രന്ഥമെന്നേ തോന്നൂ.

വ്യാഖ്യാനഗ്രന്ഥമെന്നതിനേക്കാൾ ഖുർആൻ കേന്ദ്രമാ ക്കിയുള്ള ഒരു തത്വവിജ്ഞാനകോശമെന്ന വിശേഷണമാണ് ഈ ഗ്രന്ഥത്തിന് കൂടുതൽ അനുയോജ്യം. "മുഅ്തസില" പോലുള്ള പിഴച്ച വിഭാഗങ്ങളുടെ ചിന്താധാരകളെ എതിർക്കാനും "അഹ്ലുസ്സുന്ന" ത്തിനെ പ്രതിരോധിക്കാനു മാണ് ഗ്രന്ഥത്തിന്റെ ഭൂരിഭാഗവും ചെലവഴിച്ചിട്ടുള്ളത്. പക്ഷെ, പ്രതിയോഗിയുടെ വാദഗതികൾ ഏറ്റവും സമർത്ഥവും സുശ ക്തവുമായ ശൈലിയിലും രീതിയിലും അവതരിപ്പിച്ച ശേഷം മറുപടി വളരെ ദുർബ്ബലവും അനാകർഷകവുമായി പോവുക എന്നുള്ളത് അദ്ദേഹത്തിന്റെ വലിയ ന്യൂനതയത്രെ. ഇബ്നു ഹജറുൽ അസ്ഖലാനി പറയുന്നു: "ശക്തിമത്തായ സംശയ ങ്ങൾ എടുത്തിട്ടശേഷം അവക്ക് മറുപടി നൽകുന്നതിൽ വീഴ്ച വരുത്തുക എന്ന കാര്യത്തിൽ അദ്ദേഹം ആക്ഷേപിക്കപ്പെട്ടി രുന്നു. ചില മൊറോക്കോ പണ്ഡിതന്മാർ ഇത്രവരെ പറഞ്ഞു: സംശയങ്ങൾ അദ്ദേഹം റൊക്കമായുദ്ധരിക്കുന്നു. നിവാരണ മാവട്ടെ കടമായും." (ലിസാനുൽ മീസാൻ വാ 4, പേ.427) മറ്റൊരു പണ്ഡിതൻ പറയുന്നു: "പ്രതിയോഗികളുടെ സംശ യങ്ങൾ പരമാവധി സൂക്ഷ്മാപഗ്രഥനത്തോടെ അദ്ദേഹമുദ്ധ രിക്കും. അഹ്ലുസ്സുന്നത്തിന്റെ വാദമുദ്ധരിക്കുന്നതാവട്ടെ പര മാവധി ബാലിശമായും." ഇമാം ദഹബി(റ) കുറച്ചുകൂടി കട ന്നെഴുതുന്നു:"നിരവധി ഗ്രന്ഥങ്ങളുടെ കർത്താവായ ഫഖ്റു ദ്ദീൻ റാസി ബുദ്ധിശക്തിയിലും ബൗദ്ധിക വിഷയങ്ങളിലും തലയെടുപ്പുള്ള ആളായിരുന്നു. പക്ഷെ, ഹദീസ് വിജ്ഞാന ത്തിൽ പൂജ്യവും. ദീനിന്റെ അസ്തിവാരങ്ങളെ സ്പർശിക്കുന്ന പ്രശ്നങ്ങളിൽ അദ്ദേഹത്തിന് സംഭ്രമജനകമായ പല സന്ദേ ഹങ്ങളുമുണ്ട്. നമ്മുടെ ഹൃദയങ്ങളിൽ അല്ലാഹു ഈമാനിനെ അടിയുറപ്പിക്കുമാറാകട്ടെ." അബൂഹയ്യാൻ "അൽബഹ്റുൽ മുഹീത്വി" ൽ എഴുതുന്നു: "ഇമാം റാസി തന്റെ തഫ്സീറിൽ ഖുർആൻ വ്യാഖ്യാനത്തെ സംബന്ധിച്ചിടത്തോളം അനാവ ശ്യവും അതിദീർഘവുമായ പലതും ശേഖരിച്ചിരിക്കുന്നു. അതു കൊണ്ടാണ് ചില പണ്ഡിതന്മാർ പറഞ്ഞത്: "അതി ലെല്ലാമുണ്ട്, തഫ്സീർ മാത്രമില്ല."(6) അതെല്ലാമായിരുന്നാലും ഉദ്ദേശിക്കുന്ന ഒരാൾക്ക് ഈ ശേഖരത്തിൽനിന്ന് പല അറിവു കളും കരസ്ഥമാക്കാം. അദ്ദേഹത്തിന്റെ വാദഗതികളെ അന്ധ

മായി അനുകരിക്കരുതെന്നേയുള്ളൂ.

## 4. കർമ്മശാസ്ത്ര പ്രധാനമായവ

ഇസ്‌ലാമിക രാഷ്ട്രത്തിന്റെ സീമകൾ വിശാലമാവുന്തോറും സമുദായമധ്യേ നവംനവങ്ങളായ പ്രശ്നങ്ങൾ സംജാതമായിക്കൊണ്ടിരുന്നു-ഖുർആനിലോ, സുന്നത്തിലോ ഖണ്ഡിത നിയമങ്ങളില്ലാത്ത പുതിയ പ്രശ്നങ്ങൾ. ഇവയെക്കുറിച്ച് ഇസ്‌ലാമിക പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ചിന്തിച്ചു പരിഹാരം കാണാൻ പണ്ഡിതന്മാർ മുന്നോട്ടു വന്നു. ഇജ്തിഹാദിന്ന്- നിരീക്ഷണ ഗവേഷണത്തിന്ന്- ഇസ്‌ലാം നൽകിയ പ്രേരണ അതിന്ന് പ്രചോദകമായി ഭവിച്ചു. അങ്ങനെ ഹി: ഒന്നാം ശതകത്തിൽ തന്നെ കർമ്മശാസ്ത്ര ശാഖ ഇസ്‌ലാമിക വിജ്ഞാനങ്ങളുടെ സുപ്രധാന ഘടകമായിത്തീർന്നു. ഈ വിജ്ഞാനം നാലു പ്രധാന സ്തംഭങ്ങളുടെ ചുറ്റും കറങ്ങി-ഇമാംഅബൂഹനീഫ(റ), ഇമാം ശാഫി(റ), ഇമാം മാലിക്(റ), ഇമാം അഹ്മദ്(റ). പിന്നീട് വന്ന പണ്ഡിതന്മാർ പൊതുവെ-അവരെത്ര പ്രഗത്ഭരായിരുന്നാൽ പോലും ഈ നാലു മദ്ഹബുകളിലൊന്നിനോട് ബന്ധപ്പെട്ടുകൊണ്ടാണ് നില കൊണ്ടത്. അങ്ങനെ ഓരോ മദ്ഹബിന്റേയും പ്രമാണതത്വങ്ങളിലൂന്നിനിന്നുകൊണ്ട് ഖുർആനിലെ നിയമവശങ്ങളെ വിശദീകരിക്കുന്ന ഗ്രന്ഥങ്ങളെഴുതപ്പെട്ടു. ഇവയാണ് കർമ്മശാസ്ത്രപരമായ വ്യാഖ്യാനങ്ങൾകൊണ്ടുദ്ദേശ്യം. വ്യാഖ്യാനങ്ങളെന്നതിനേക്കാൾ ഖുർആനെ കേന്ദ്രമാക്കിയുള്ള കർമ്മശാസ്ത്രഗ്രന്ഥങ്ങൾ എന്ന വിശേഷണത്തിന്നാണ് അവ കൂടുതൽ അർഹം. ഈയിനം ഗ്രന്ഥങ്ങളുടെ രചനാ കാലമാവുമ്പോഴേക്കും മദ്ഹബീ പക്ഷപാതം വേരുറച്ചു കഴിഞ്ഞിരുന്നു. അതിനാൽ താന്താങ്ങളുടെ മദ്ഹബിന്നനുകൂലമായി, പലപ്പോഴും ഖുർആനിക സൂക്തങ്ങൾക്ക് വിദൂരമായ വ്യാഖ്യാനം നൽകിയും ചിലപ്പോൾ വളച്ചൊടിച്ചുകൊണ്ടുപോലുമായിരുന്നു ഇത്തരം വ്യാഖ്യാതാക്കൾ തങ്ങളുടെ തഫ്സീറുകൾ രചിച്ചത്.

ഈയിനം വ്യാഖ്യാനങ്ങളിൽ ഹനഫീ മദ്ഹബിൽ അബൂബക്കർ ജസ്സാസിന്റെ (ഹി:305–370) "അഹ്കാമുൽ ഖുർആനും" ശാഫി മദ്ഹബിൽ അൽ കിയൽ അറാസിയുടെ (ഹി:450–504) "അഹ്കാമുൽ ഖുർആനും" മാലികീ മദ്ഹബിൽ ഖാസി അബൂബക്റുബ്നു അറബിയുടെ (ഹി:463–543) "അഹ്കാമുൽ ഖുർആനും" ശ്രദ്ധേയങ്ങളായ ഗ്രന്ഥങ്ങളത്രെ. ഈ മൂന്നു വ്യാഖ്യാതാക്കളും താന്താങ്ങളുടെ മദ്ഹബിനോട് കടുത്ത പക്ഷപാതമുള്ളവരായിരുന്നു. അതവർ തങ്ങളുടെ ഗ്രന്ധങ്ങളിൽ പ്രകടമായി പ്രദർശിപ്പിച്ചിട്ടുണ്ട്. (7)മഹാന്മാരും ഉന്നതസ്ഥാനീയരുമായ പണ്ഡിതവര്യന്മാരെപ്പോലും പിടികൂടുന്ന ഇത്തരം വൈകല്യങ്ങൾക്കും ന്യൂനതകൾക്കും കാരണം അതാത് കാലഘട്ട സവിശേഷതകളുടെ അപ്രതിരോധ്യമായ സമ്മർദ്ദമായിരിക്കാം.

### അൽജാമിഉലി അഹ്കാമിൽ ഖുർആൻ

ഈയിനത്തിൽ ഏറ്റവും സമഗ്രവും വിപുലവും താരതമ്യേന നിഷ്പക്ഷവുമായ ഗ്രന്ഥമത്രെ മാലിക് മദ്ഹബുകാരനായ ഇമാം ഖുർത്തുബിയുടെ (മരണം ഹി:671ൽ) "അൽ ജാമി ഉലി അഹ്കാമിൽ ഖുർആൻ."ഖുർആനിലെ കർമ്മശാസ്ത്രപരമായ പ്രതിപാദനങ്ങളെക്കുറിച്ച ജിജ്ഞാസുകൾക്ക് ഇത് അമൂല്യമായൊരു ഉറവിടമാണെന്ന് നിസ്സംശയം പറയാവുന്നതാണ്. ഈ ഗ്രന്ഥത്തെ സമഗ്രാവലോകനം നടത്തിയ ശേഷം മുഹമ്മദ് ഹുസൈനുദ്ദഹബി എഴുതുന്നു: ചുരുക്കത്തിൽ ഖുർത്തുബി(റ) തന്റെ തഫ്സീറിൽ സ്വതന്ത്ര നിരൂപകനും, മാന്യ വിമർശകനും സമാദരണീയ വിവാദകനും, വ്യാഖ്യാനത്തിന്റെ മുഴുവശങ്ങളെക്കുറിച്ചും അഭിജ്ഞനും, താൻ ആനുഷംഗികമായി പ്രതിപാദിച്ച എല്ലാ കലകളിലും നിപുണനുമായി വിലസുന്നു. (ഖുർആൻ വ്യാഖ്യാനവും വ്യാഖ്യാതാക്കളും വാ.3, പേ.130)

## 5. ഭാഷാ പ്രധാനമായവ

ഇസ്‌ലാമിക വിജയങ്ങളെത്തുടർന്ന് അറബികൾ അനറബികളുമായി കൂടിച്ചേർന്നു. വിവിധ ഭാഷക്കാരായ സമുദായങ്ങൾ ഇടകലർന്നു. ഭാഷാപരമായ ഈ സങ്കലനം കാരണം ഖുർആൻ പാരായണത്തിൽ പല ക്രമക്കേടുകളും പ്രത്യക്ഷപ്പെട്ടുതുടങ്ങി. പില്ക്കാലത്തേക്ക് ഇതൊരു വലിയ വിപത്താകുമെന്ന് ദീർഘദർശനം ചെയ്ത നാലാം ഖലീഫ അലി(റ) അറബിഭാഷയെ അതിന്റെ സാക്ഷാൽ ശൈലിയിലും ഘടനയിലും നിലനിർത്താനാവശ്യമായ ആസൂത്രണങ്ങൾ ചെയ്തു. അറബി ഭാഷക്ക് ആദ്യമായി വ്യാകരണ നിയമങ്ങൾ ഉണ്ടാക്കാൻ അബുൽ അസ്‌വദുദ്ദുവലി (റ) യെ ഭരമേല്പിച്ചു. കാലാന്തരേണ ഇതൊരു പ്രത്യേക വിജ്ഞാന ശാഖയായി മാറി. ഈ കലയിൽ പ്രാവീണ്യം നേടുക പാണ്ഡിത്യത്തിന്റെ അനിവാര്യഭാഗമായി. അങ്ങനെ ഈ രംഗത്തും പ്രഗത്ഭരായ പണ്ഡിതന്മാരുണ്ടായി. അവർ ഖുർആനിക സൂക്തങ്ങളുടെ ഭാഷാപരമായ ഘടനകളെ അപഗ്രഥിച്ചുകൊണ്ട് പ്രത്യേക ഗ്രന്ഥങ്ങളെഴുതി. കൂടാതെ വിശുദ്ധ ഖുർആന്റെ നിരുപമവും അനിതരസാധാരണവും അമാനുഷികവുമായ ഭാഷാശൈലിയും പ്രതിപാദന രീതിയും ഒരു വിഭാഗം പണ്ഡിതന്മാരുടെ സവിശേഷമായശ്രദ്ധയെ ആകർഷിക്കുകയും അവരതിൽ പ്രത്യേകം അവഗാഹം നേടുകയും ചെയ്തു. അറബി സാഹിത്യം അതിന്റെ മുഴുമേന്മകളോടും അത്യുച്ചകോടിയിൽ വിലസിയിരുന്ന ഘട്ടത്തിലാണ് ഖുർആൻ അവതരിച്ചത്. അറബി സാഹിത്യ സാമ്രാട്ടുകളെ ഖുർആൻ വെല്ലുവിളിച്ചു. പക്ഷെ പ്രത്യുത്തരം നൽകാനാരുമുണ്ടായില്ല. ഇത് ഖുർആന്റെ അമാനുഷികതയുടെ ഒരു ഭാഗമായിരുന്നു. ആദ്യകാല പണ്ഡിതന്മാർ പലരും ഖുർആന്റെ അമാനുഷികത കൂടുതലും കിടക്കുന്നത് അതിന്റെ സാഹിത്യപരമായ സവിശേഷതയിലാണെന്ന അഭിപ്രായക്കാരായിരുന്നു. അതിനാൽ ഖുർആന്റെ ആ സവിശേഷത തെളിയിച്ചുകാട്ടാൻ അവർ പ്രത്യേക ഗ്രന്ഥങ്ങളെഴുതി. ഇങ്ങനെ ഖുർആന്റെ വ്യാകരണവശത്തെയും സാഹിത്യാലങ്കാരിക വശങ്ങളെയും കേന്ദ്രമാക്കി എഴുതപ്പെട്ട വ്യാഖ്യാനങ്ങളാണ് ഈയിനത്തിൽ പെടുന്നത്. മറ്റു പ്രതിപാദനങ്ങളുണ്ടാവുമെങ്കിലും ഭാഷാവശമായിരിക്കും ഇവയുടെ മുഖമുദ്രയെന്നർഥം.

### അൽ കശ്ശാഫ്

ഈയിനം വ്യാഖ്യാനങ്ങളിൽ ഒന്നാം സ്ഥാനമർഹിക്കുന്നതത്രെ സമഖ്ശരി (ഹി: 467–538)യുടെ *അൽകശ്ശാഫ്*. ഖുർആന്റെ സാഹിത്യപരവും ആലങ്കാരികവുമായ സവിശേഷതകളെ അപഗ്രഥിച്ചു കാട്ടുന്നതിൽ ഇത്ര സമഗ്രവും സമർഥവുമായ ഒരു വ്യാഖ്യാനം വേറെയില്ലെന്നാണ് പണ്ഡിതാഭിപ്രായം. പക്ഷെ, തത് കർത്താവ് വിശ്വാസപരമായി 'മുഅ്തസിലി' വിഭാഗത്തിൽ പെട്ട ആളായിരുന്നു. അതിൽ അദ്ദേഹത്തിന്നഭിമാനവുമായിരുന്നു. എത്രത്തോളമെന്നാൽ വല്ലവരെയും സന്ദർശിക്കാൻ ചെന്നാൽ 'അബുൽ ഖാസിമുൽ മുഅ്തസിലി' വാതില്ക്കൽ എന്ന് അറിയിച്ചായിരുന്നുവത്രെ അദ്ദേഹം പ്രവേശനാനുവാദം വാങ്ങാറ്. തന്റെ ചിന്താഗതിയിലേക്ക് തെളിവുണ്ടാക്കാൻ കിട്ടുന്ന യാതൊരു സന്ദർഭവും വ്യക്തമായോ

വ്യംഗ്യമായോ ഉപയോഗപ്പെടുത്താതെ അദ്ദേഹം വിട്ടിട്ടില്ല ഈ തഫ്സീറിൽ. ചിലപ്പോൾ ഖുർആന്റെ സാക്ഷാൽ വാചക ഘടനയെ അലങ്കോലമാക്കി വ്യാഖ്യാനിച്ചുപോലും തന്റെ ചിന്താഗതി സ്ഥാപിക്കാൻ അദ്ദേഹം മുതിർന്നിട്ടുണ്ടെന്ന് ചില നിരൂപകന്മാർ ചൂണ്ടിക്കാട്ടുന്നു. ഏതായിരുന്നാലും വിശ്വാസപരമായി അദ്ദേഹത്തോട് കടുത്ത എതിർപ്പുള്ളവർ പോലും തഫ്സീറിന്റെ മൂല്യവും സ്ഥാനവും അംഗീകരിച്ചിട്ടുണ്ട്. ഇബ്നുഖൽദൂൻ എഴുതുന്നു: "വ്യാഖ്യാനങ്ങളിൽ ഈ കല (അലങ്കാര ശാസ്ത്രം) ഏറ്റവും നന്നായുൾക്കൊള്ളുന്ന ഒന്നത്രെ സമഖ്ശരിയുടെ കശ്ശാഫ്. പക്ഷെ അതിന്റെ കർത്താവ് വിശ്വാസപരമായി മുഅ്തസിലി വിഭാഗത്തിൽ പെട്ടയാളാണ്." താജുദ്ദീൻ സുബ്കി എഴുതുന്നു: "അറിയുക: കശ്ശാഫ് തദ്വിഷയകമായി (അലങ്കാരശാസ്ത്രപരമായി) ഒരു മഹാഗ്രന്ഥമത്രെ. അതിന്റെ കർത്താവ് പ്രസ്തുത കലയിൽ ഇമാമുമാകുന്നു. പക്ഷെ അദ്ദേഹം മുബ്തദിഉം (നവനിർമ്മാതാവും) ബിദ്അത്ത് തുറന്ന് പറയുന്ന ആളുമാണ്."

വ്യാകരണപരമായി, ഏറ്റവും ശ്രദ്ധേയമായ വ്യാഖ്യാനങ്ങളിലൊന്നാണ് അബൂഹയ്യാന്റെ (ഹി: 654--745) "അൽ ബഹ്റുൽ മുഹീത്." വ്യാകരണപരമായ പ്രതിപാദനങ്ങളുടെ ആധിക്യം കാരണം ഒരു തഫ്സീർ എന്നതിനേക്കാൾ ഖുർആൻ അടിസ്ഥാനമാക്കിയുള്ള ഒരറബി വ്യാകരണ സമാഹാരം എന്ന വിശേഷണത്തിന്നാണ് ഇത് കൂടുതൽ അർഹമായിരിക്കുന്നത്.

## 6. ശാസ്ത്ര വിജ്ഞാന പ്രധാനമായവ

ഖുർആനിൽ പ്രകൃതിയിലെ പ്രതിഭാസങ്ങളെക്കുറിച്ച് ധാരാളം പ്രതിപാദനങ്ങളുണ്ട്. ചിന്തയുടെയും വിജ്ഞാനത്തിന്റെയും നാനാ മേഖലകളിലേക്ക് അത് സൂചന നല്കുന്നു. ഇത്തരം സൂചനകളെ ആധാരമാക്കി ഖുർആനിൽ പല പല ശാസ്ത്രങ്ങളും കണ്ടെത്താൻ തുടങ്ങി പലരും. പണ്ടു മുതൽക്കേ ഈ ചിന്താഗതിക്കാരുണ്ട്. ഇമാം ഗസ്സാലി(റ), ഇമാം സുയൂത്തി(റ) തുടങ്ങിയവർ അതിന്റെ പ്രമുഖ വക്താക്കളായിരുന്നു. ആധുനിക ശാസ്ത്രം പ്രകൃതി പ്രതിഭാസങ്ങളുടെ ഉള്ളറകളിലേക്ക് ആണ്ടിറങ്ങിയപ്പോൾ വിജ്ഞാനത്തിന്റെ പുതിയ പുതിയ മേഖലകളുടെ കവാടം തുറക്കപ്പെട്ടു. ഖുർആനിലെ മേൽപറഞ്ഞ സൂചനകളെ ആധാരമാക്കി ഈ വിജ്ഞാന ശാഖകളുടെയെല്ലാം അടിസ്ഥാനം ഖുർആനിലുണ്ടെന്ന് ശാസ്ത്ര വിജ്ഞാന തല്പരരായ ഒരു വിഭാഗം ആധുനിക പണ്ഡിതന്മാർ വാദിച്ചു. അവർ ഖുർആനെ കേന്ദ്രമാക്കി അത്തരം വ്യാഖ്യാനങ്ങളെഴുതി.

### തഫ്സീർ ജവാഹിർ

ഈയിനത്തിൽ ഏറ്റവും പ്രസിദ്ധമായ ആധുനിക വ്യാഖ്യാനമത്രെ ത്വൻത്വാവി ജൗഹരിയുടെ (ഹി:1287–1370) "അൽ ജവാഹിർ ഫീ തഫ്സീരിൽ ഖുർആനിൽ കരീം" ഇതര വ്യാഖ്യാതാക്കൾ ഖുർആനിലെ ശാസ്ത്ര വിജ്ഞാനവശത്തെ കാര്യമാക്കാത്തതിനെ കഠിനമായി വിമർശിച്ചുകൊണ്ടും മുഴുവൻ ശ്രദ്ധയും ഈ വശത്ത് കേന്ദ്രീകരിച്ചുകൊണ്ടും അദ്ദേഹമെഴുതുന്നു: "മുസ്‌ലിം പണ്ഡിതന്മാർ കർമ്മശാസ്ത്രത്തിൽ പതിനായിരക്കണക്കിൽ ഗ്രന്ഥങ്ങൾ രചിച്ചതെന്തിന്? ..... കർമ്മശാസ്ത്ര സംബന്ധിയായി ഖുർആനിൽ വളരെക്കുറഞ്ഞ സൂക്തങ്ങളേ ഉള്ളൂ–നൂറ്റമ്പതിന്നടുത്ത്. എന്നിട്ടും കർമ്മശാസ്ത്രത്തിൽ ഇത്ര വർദ്ധിച്ച തോതിൽ ഗ്രന്ഥങ്ങൾ വിരചിതമായതെന്തുകൊണ്ട്? പ്രകൃതി ശാസ്ത്രത്തിൽ വളരെ കുറഞ്ഞു പോയതെന്തുകൊണ്ട്? ഒറ്റ സൂക്തവും അതിൽനിന്നൊഴിവല്ലാതിരുന്നിട്ടുകൂടി. പ്രകൃതി ശാസ്ത്രപരമായ 750 ഓളം വ്യക്തമായ സൂക്തങ്ങൾതന്നെ ഖുർആനിലുണ്ട്." മറ്റൊരിടത്തെഴുതുന്നു: "ആധുനിക ശാസ്ത്രം വെളിപ്പെടുത്തിയ കാര്യങ്ങളുടെ പൂർത്തീകരണമാണ് ഖുർആനികാദ്ധ്യായങ്ങൾ." ഈ വീക്ഷണഗതിയുമായി ഖുർആനെ സമീപിച്ച ഗ്രന്ഥകാരൻ തന്റെ വ്യാഖ്യാനത്തെ കേവലമൊരു ശാസ്ത്രഗ്രന്ഥമാക്കിത്തീർത്തുവെങ്കിൽ അത്ഭുതമില്ല. ശാസ്ത്രത്തിന്റെ നാനാ ശാഖകളെ ഉൾക്കൊള്ളുന്ന 25 വാള്യങ്ങളുള്ള ഈ സമാഹാരം ഒരു ശാസ്ത്ര വിജ്ഞാനകോശമാണെന്ന് തന്നെ പറയാം. തഫ്സീറുർറാസിയെക്കുറിച്ച് ചിലർ 'അതിലെല്ലാമുണ്ട്, തഫ്സീർ മാത്രമില്ല' എന്നു വിശേഷിപ്പിച്ച പോലെയോ അതിലും കൂടുതലോ ആ വിശേഷണത്തിന്നർഹമാണ് ഈ ഗ്രന്ഥവും.

### തഫ്സീറുൽ മനാറും റൂഹുൽ മആനിയും

ഒരു പ്രത്യേക ഇനത്തിൽപെടാതെ വ്യാഖ്യാനത്തിന്റെ പല വശങ്ങളെയും ഒരു പോലെയുൾക്കൊള്ളുന്ന ആധുനിക വ്യാഖ്യാനങ്ങളാണ് ആലൂസിയുടെ (ഹി:1217–1270 ) "റൂഹുൽ മആനി" യും മുഹമ്മദ് റശീദ് രിസാ (ഹി:1282–1354) യുടെ "തഫ്സീറുൽ മനാറും". അവയെക്കുറിച്ച് ദീർഘമായി പ്രതിപാദിച്ച് നീതിനിഷ്ഠമായി വിലയിരുത്തിക്കൊണ്ട് മുഹമ്മദ് ഹുസൈനുദ്ദഹബി എഴുതിയ ഏതാനും വാക്കുകൾ ഇവിടെ ഉദ്ധരിക്കുക മാത്രം ചെയ്യട്ടെ.

### റൂഹുൽ മആനി

"ചുരുക്കത്തിൽ അല്ലാമാ ആലൂസിയുടെ റൂഹുൽ മആനി ഖുർആൻ വ്യാഖ്യാനപരമായ ഒരു വിലപ്പെട്ട വിജ്ഞാന കോശമത്രെ. തന്റെ മുൻഗാമികളായ ഖുർആൻ വ്യാഖ്യാന പണ്ഡിതന്മാർ പറഞ്ഞതെല്ലാം അദ്ദേഹം ശേഖരിച്ചിരിക്കുന്നു—സ്വതന്ത്ര നിരൂപണത്തോടെ, ബുദ്ധിശക്തിയും തെളിഞ്ഞ പ്രതിഭയും ആധാരമാക്കിയുള്ള വിവേചനത്തോടെ, ചിലപ്പോൾ ഒരു വ്യാഖ്യാതാവെന്ന നിലപാടിൽനിന്ന് തന്നെ അകറ്റുമാറ് വിവിധ വിജ്ഞാന ശാഖകളുടെ വിശദമായ വിശദീകരണങ്ങളിലേക്ക് അദ്ദേഹം തെന്നിപ്പോകുന്നുണ്ടെങ്കിലും താൻ പ്രതിപാദിക്കുന്ന എല്ലാ വിഷയവും സമചിത്തതയോടെയാണ് അദ്ദേഹം കൈകാര്യം ചെയ്തിരിക്കുന്നത്. നാനാമുഖമായ പരന്ന വിജ്ഞാനവും താൻ പ്രതിപാദിക്കുന്നതിനെക്കുറിച്ചുള്ള സമഗ്രമായ അറിവും അതിൽ തെളിഞ്ഞുകാണാം." (ഖുർആൻ വ്യാഖ്യാനവും വ്യാഖ്യാതാക്കളും വാ. 1, പേ. 361–362)

### അൽ മനാർ

ശൈഖ് മുഹമ്മദ് അബ്ദുവിന്റെ ശിഷ്യനായ മുഹമ്മദ് റഷീദാ രിസായാണ് തഫ്സീറുൽ മനാറിന്റെ കർത്താവ്. ഗുരുവിന്റ പാഠങ്ങൾ ശിഷ്യൻ അവധാനതയോടെ ക്രോഡീകരിച്ചതാണിതെന്ന് വേണമെങ്കിൽ പറയാം. "മനാറിന്റെ കർത്താവ് എന്റെ ചിന്തകളുടെ ജിഹ്വയാണ്" എന്നു മുഹമ്മദ് അബ്ദു പറയാറുണ്ടായിരുന്നത്രെ. സൂറഃയൂസുഫിലെ 101–ാമത്തെ അദ്ധ്യായം വരെയാണ് രശീദ് രിസാ വ്യാഖ്യാനമെഴുതിയത്. അവിടെയെത്തുമ്പോഴേക്കും അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. "മനുഷ്യരുടെ ഇഹപര സൗഭാഗ്യത്തിലേക്ക് വഴി കാട്ടുന്ന ദീൻ എന്ന നിലക്ക് ഖുർആനെ മനസ്സിലാക്കുക" ഇതാണ് തന്റെ തഫ്സീറിന്റെ ലക്ഷ്യമെന്ന് ആമുഖത്തിൽ അദ്ദേഹം പറയുന്നു. (വാ. പേ. 17) ഖുർആനെ അതിന്റെ സാക്ഷാൽ ദൗത്യമായ മനുഷ്യ വംശത്തിന്റെ മാർഗ്ഗദർശന

മെന്ന ലക്ഷ്യത്തിൽനിന്ന് പിന്തിരിപ്പിക്കുമാറ് വിവിധ വിജ്ഞാന കലാശാസ്ത്രങ്ങളും വ്യാജ ഹദീസുകളും ഇസ്രാഈൽ പുരാണങ്ങളും കൊണ്ട് തഫ്സീറുകൾ കുത്തിനിറച്ചവരെ അദ്ദേഹം കണക്ക് തീർത്തധിക്ഷേപിക്കുന്നുണ്ട്. (വാ.1, പേ. 18) മറ്റൊരിടത്ത് അദ്ദേഹം പറയുന്നു: "തഫ്സീർകൊണ്ട് നമ്മുടെ ലക്ഷ്യം ഖുർആന്റെ ആശയവും ഇക്കാലത്ത് അതിൽനിന്ന് സന്മാർഗ്ഗം നേടേണ്ട വഴികളും വിവരിക്കുകയത്രെ." (വാ.4, പേ. 42)

അങ്ങനെയൊക്കെയാണെങ്കിലും ഖുർആനെ ആധുനിക ശാസ്ത്രത്തിന്റെ നിഗമനങ്ങളോടു ഒപ്പിച്ചെടുക്കാനുള്ള അതിരുകടന്ന ശ്രമം ഈ ഗ്രന്ഥത്തിൽ പലേടത്തും കാണാം. പിശാച്, ജീന്ന്, നബി(സ) യുടെ അമാനുഷിക ദൃഷ്ടാന്തങ്ങൾ എന്നിവയെ ദീനിന്റെ അംഗീകൃത പ്രമാണങ്ങൾക്ക് വിരുദ്ധമായി വ്യാഖ്യാനിക്കാനും ചിലേടത്ത് അദ്ദേഹം മുതിർന്നിട്ടുണ്ട്. എന്നല്ല അവയുടെ യാഥാർഥ്യം തന്നെ അദ്ദേഹം നിഷേധിക്കുന്നു. ഉദാഹരണമായി, ജിന്ന്, പിശാച് എന്നിവയെ ആധുനിക ശാസ്ത്രത്തോടൊപ്പിച്ച് മൈക്രോബുകളും രോഗാണുക്കളുമായി അദ്ദേഹം വ്യാഖ്യാനിക്കുന്നു. (വാ.3, പേ. 96) ചുരുക്കത്തിൽ മുഖവുരയിൽ പറഞ്ഞ ലക്ഷ്യത്തോട് അദ്ദേഹം പൂർണ്ണമായി നീതി പുലർത്തിയിട്ടില്ല.

## 7. പ്രബോധന പ്രധാനമായവ

പതിനാലു നൂറ്റാണ്ടുകൾക്കപ്പുറം വിശുദ്ധ ഖുർആൻ മനുഷ്യരാശിയുടെ ചരിത്ര ഗതിയെ മാറ്റിയൊഴുക്കി. മാനവത അറിഞ്ഞതിൽ വെച്ചേറ്റവും മഹത്തരമായ ധാർമ്മിക വിപ്ലവം സൃഷ്ടിച്ചു. ഒരു പുതിയ നാഗരിക-രാഷ്ട്രീയ-സാമൂഹ്യ വ്യവസ്ഥിതി കെട്ടിപ്പടുത്തു. 23 വർഷം കൊണ്ട് ക്രമപ്രവൃദ്ധമായാണ് ഇതത്രയും സാധിച്ചത്. അഥവാ അനുക്രമമായി പ്രസ്തുത വിപ്ലവത്തെ നയിക്കുകയായിരുന്നു, ഇസ്ലാമിക പ്രബോധനത്തെ മാർഗദർശനം ചെയ്കയായിരുന്നു ഖുർആൻ. ആ വിപ്ലവത്തിന്റെയും പ്രബോധനത്തിന്റെയും ഓരോ ഘട്ടത്തിന്നും ആവശ്യമായ നിർദ്ദേശങ്ങൾ അപ്പപ്പോൾ അല്ലാഹുവിങ്കൽ നിന്ന് പ്രഭാഷണ രൂപത്തിൽ അവതരിപ്പിച്ചുകൊണ്ടിരുന്നു. അങ്ങനെ 23 വർഷങ്ങൾക്കുള്ളിലാണ് അതവതരിച്ചു തീർന്നത്. ഖുർആന്റെ ഈ മൗലിക സ്വഭാവം കണക്കിലെടുക്കുമ്പോൾ ഖുർആൻ നയിച്ചതുപോലുള്ള ഒരു വിപ്ലവാത്മക പ്രബോധനത്തെ നയിക്കുകയും അത്തരമൊരു സാമൂഹ്യ വ്യവസ്ഥിതി പുനർനിർമ്മിക്കാൻ യത്നിക്കുകയും ആ ശ്രമത്തിനിടയിൽ വന്നുചേരുന്ന നാനാവിധ പ്രതിസന്ധികളെയും വിഷമഘട്ടങ്ങളെയും നേരിടുകയും ചെയ്യുന്നവർക്കായിരിക്കും ഖുർആന്റെ യാഥാർഥ്യം കൂടുതൽ വ്യക്തമാവുക. അവർ വിരചിക്കുന്ന വ്യാഖ്യാനങ്ങളായിരിക്കും ഖുർആന്റെ ആത്മാവുമായി കൂടുതലിണങ്ങുക; അതിന്റെ സാക്ഷാൽ ദൗത്യത്തെ കൂടുതൽ നന്നായി പ്രകാശിപ്പിക്കുക.

ഈ നിലക്ക് നോക്കുമ്പോൾ സമ്പൂർണ്ണമെന്നോ അന്യൂനമെന്നോ തികച്ചും മാതൃകാപരമെന്നോ പറഞ്ഞുകൂടെങ്കിലും ആധുനിക കാലത്ത് വിരചിതമായ ചില വ്യാഖ്യാനങ്ങൾ ഈയിനത്തിൽ എടുത്തുപറയത്തക്കതാണ്. ഖുർആന്റെ സാക്ഷാൽ ദൗത്യവും അവതരണോദ്ദേശ്യവും ഇതര വ്യാഖ്യാനങ്ങളേക്കാളും നന്നായി പ്രകാശിപ്പിക്കാൻ അവക്ക് സാധ്യമായിട്ടുണ്ട്. ചിരപരിചിത രീതിയിലുള്ള തഫ്സീറിന്റെ സവിശേഷതകളോ, ഖുർആൻ വ്യാഖ്യാനാനുബന്ധിയായ വിവിധ വിജ്ഞാനങ്ങളോ അവയിൽ മുഴച്ചുകാണുകയില്ലെങ്കിലും ഖുർആൻ എന്താണ്, എന്തല്ല എന്ന് മനസ്സിലാക്കാൻ അവ വളരെ സഹായകമാണ്. ഖുർആന്റെ പ്രബോധനപരവും മാനവ മാർഗ്ഗ ദർശനപരവുമായ വശത്തെ-അതാണല്ലോ ഖുർആന്റെ ആത്മാവ്- തുറന്നുകാട്ടുന്നതിലാണ് അവയുടെ ഊന്നൽ. ആധുനിക കാലത്തെ സുസംഘടിതവും വ്യവസ്ഥാപിതവുമായ ഇസ്ലാമിക വിപ്ലവ പ്രസ്ഥാനങ്ങളെ നയിച്ചവരോ നയിക്കുന്നവരോ ആണ് ആ ഗ്രന്ഥങ്ങളുടെ കർത്താക്കൾ എന്നതാണ് ഈ സവിശേഷതക്ക് കാരണം. ശഹീദ് സയ്യിദ് ഖുത്തുബിന്റെ "ഫീളിലാലിൽ ഖുർആനും" മൗലാനാ അബുൽ അഅ്ലാ മൗദൂദിയുടെ "തഫ്ഹീമുൽ ഖുർആനു" മാണ് ഇവിടെ ഉദ്ദേശ്യം.

### ഫീളിലാലിൽ ഖുർആൻ

സയ്യിദ് ഖുത്തുബ് നീണ്ട വർഷങ്ങൾ ഖുർആന്റെ തണലിൽ ജീവിച്ചു. അദ്ദേഹത്തിന്റെ ഭാവന ഖുർആന്റെ ആശയ സാമ്രാജ്യത്തിന്റെ ചക്രവാള വിശാലതകളിൽ സ്വൈരവിഹാരം ചെയ്തു. ഖുർആന്റെ ആശയഗാംഭീര്യവും ശൈലീ സൗകുമാര്യവും ഒരു പോലെ ആസ്വദിച്ചു. അതാണ് "ഫീളിലാലിൽ ഖുർആൻ". അറബിയിൽ സരള സാധാരണവും വിജ്ഞാന നിബിഡവുമായ വ്യാഖ്യാനങ്ങൾ ധാരാളമുണ്ടായിരുന്നു. അതിനാൽ ഖുർആനെ ഗംഭീര സുന്ദരമായി, ഉജ്ജ്വലവും ഊഷ്മളവുമായി അവതരിപ്പിക്കുകയാണ് സയ്യിദ് ഖുത്തുബ് ചെയ്തത്. പ്രപഞ്ചം, മനുഷ്യൻ, ജീവിതം എന്നിവയെപ്പറ്റിയുള്ള ഖുർആനിക വിഭാവനകളെ, അഥവാ ഖുർആൻ പ്രഖ്യാപനം ചെയ്യുന്ന മൗലിക മൂല്യങ്ങളെ തനതായ രൂപത്തിൽ അവതരിപ്പിക്കുന്നതിലാണ് അദ്ദേഹത്തിന്റെ ഊന്നൽ. മറ്റെന്ത് വിശദീകരണവും അതിന്ന് സഹായകമായി മാത്രം. ഖുർആനിക സംസ്കാരത്തിന്റെ ഉജ്ജ്വലവും ധീരവും നിർഭയവുമായ പ്രകാശനമത്രെ ഫീളിലാൽ. സത്യവിശ്വാസ ജന്യമായ ഔന്നത്യബോധത്തിന്റെ പ്രോജ്വല പ്രതീകമായി വിലസുന്നു, സയ്യിദ് ഖുത്തുബ് തന്റെ വ്യാഖ്യാനത്തിൽ. ഖുർആനികാശയങ്ങളെ മറ്റൊരു ഭാഷയിൽ പകർത്തുക അസാധ്യമാണെന്നും പക്ഷെ, നൂറ്റാണ്ടുകൾ അകന്നുപോകുന്ന സമുദായത്തിന് അവ ഗ്രഹിപ്പിക്കാൻ ശ്രമിക്കുകയേ നിർവ്വാഹമുള്ളുവെന്നും സ്വയം പറയുമ്പോൾ ഖുർആനിന്റെ മുമ്പിൽ അതിമാത്രം വിനയാന്വിതനായി തല കുനിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. ചിന്തയിലും വിശ്വാസത്തിലും ജീവിതത്തിലും ഖുർആനാണ് ആ മഹാനുഭാവന്റെ മാർഗ്ഗദർശകൻ--ഖുർആൻ മാത്രം.

### തഫ്ഹീമുൽ ഖുർആൻ

ദശകങ്ങളോളം ഖുർആനെക്കുറിച്ച് നടത്തിയ വസ്തുനിഷ്ഠവും അപഗ്രഥനാത്മകവുമായ ചിന്തയുടെ ഫലമാണ് തഫ്ഹീമുൽ ഖുർആൻ. ഖുർആന്റെ യാഥാർത്ഥ്യത്തെ സുവർണ്ണ രൂപത്തിൽ, സാധാരണക്കാർക്കും വിദ്വൽ വിഭാഗത്തിന്നുമൊരുപോലെ ഗ്രഹിപ്പിക്കാൻ ചെയ്ത മഹനീയ ശ്രമം. മുഫസ്സിറുകളുടെ ചിരപരിചിത രീതിയിൽ നിന്ന് വ്യത്യസ്തമായി, എന്നാൽ പൂർവ്വിക ഗ്രന്ഥങ്ങളെ അപ്പടി തിരസ്കരിക്കുന്ന നവീകരണ വാദികളുടെ തല്ലാത്ത ഒരു പുതിയ രീതിയാണ് ഇതിൽ അവലംബിച്ചിട്ടുള്ളത്. ഓരോ അധ്യായത്തിന്റെയും തുടക്കത്തിൽ അവതരണ പശ്ചാത്തലത്തെയും ഉള്ളടക്കത്തെയും കുറിച്ച സമഗ്രാവലോകനം പ്രതിപാദ്യം വ്യക്തമായി മനസ്സിലാവാൻ എത്രയും സഹായകമാണ്. പ്രമാണങ്ങളെ ആധാരമാക്കി ഇസ്രാഈൽ പ്രതിപാദനങ്ങളെ നിരൂപണം ചെയ്ത് സത്യാസത്യം തുറന്നുകാട്ടുന്നുവെന്നത് ഇതിന്റെ പ്രകടമായ സവിശേഷതയത്രെ. തന്മൂലം ചരിത്ര സംഭവങ്ങളെ ചുറ്റിനിൽക്കുന്ന അവ്യക്തതയുടെ മൂടൽ മഞ്ഞ് അകന്ന് പോകു

ന്നു. കാലപ്പഴക്കത്തിൽ തുരുമ്പ് പിടിച്ച്, ആശയവിശാലത നഷ്ട പ്പെട്ട്, അർഥം അസ്തഃപ്രായമായിക്കിടന്നിരുന്ന, തന്മൂലം സമുദായം അതിന്റെ സാക്ഷാൽ അസ്തിത്വവും മഹത്തായ ദൗത്യവും വിസ്മരിച്ച് ജീർണതയിലേക്കാപതിക്കാൻ കാരണമായ പല ഖുർആനിക യാഥാർഥ്യങ്ങളെയും തഫ്ഹീമിന്റെ കർത്താവ് അവ്യക്തതയുടെ മൂടുപടം അനാവരണം ചെയ്ത് സ്ഫടികസങ്കാശമായി പ്രകാശിപ്പിച്ചിട്ടുണ്ട്. "ഖുർആനിലെ നാല് സാങ്കേതിക പദങ്ങൾ" എന്ന കൃതിയിലൂടെ ഇതദ്ദേഹം കൂടുതൽ തെളിയിച്ചു കാട്ടി.

ആധുനിക യുഗത്തിന്റെ സവിശേഷതകളെ കണക്കിലെടുത്തെഴുതപ്പെട്ട ഈ വ്യാഖ്യാനകൃതി, പ്രബുദ്ധ വിഭാഗത്തെ ഖുർആനിലേക്കും അതിന്റെ പ്രബോധനത്തിലേക്കും അടുപ്പിക്കാനും ആകർഷിക്കാനും ഏറ്റവും സഹായകമത്രെ. എന്നിരുന്നാലും അപൂർണ്ണതകൾ അതിന്നുണ്ട്. വിശിഷ്യാ ആദ്യഭാഗങ്ങളിൽ പലേടത്തും അവശ്യ വിശദീകരണം പോലുമില്ല.

(1) ഉദാ:ഈസാനബി (അ) പക്ഷികളെ അല്ലാഹുവിന്റെ അനുമതിയോടെ സൃഷ്ടിച്ചു എന്നത് ഉപമാലങ്കാര പ്രയോഗമാണെന്നും ജനങ്ങളെ അജ്ഞാനത്തിന്റെ ഭാരത്തിൽനിന്നും അന്ധകാരത്തിൽനിന്നും വിജ്ഞാനത്തിന്റെ പ്രകാശത്തിലേക്കും ലാഘവത്തിലേക്കും കൊണ്ടുവരികയാണതുകൊണ്ടുദ്ദേശ്യമെന്നും ഗ്രന്ഥ കർത്താവ് വാദിക്കുന്നു.

മൂസാനബി(അ) കടൽ പിളർത്തിയിട്ടില്ലെന്നും ഉണങ്ങിയ വഴികളുള്ള ചില സ്ഥലങ്ങൾ കടലിലുണ്ടായിരുന്നുവെന്നും ദുർവ്യാഖ്യാനം ചെയ്യുന്നു.

നബി(സ) യുടെ നിശാപ്രയാണത്തെ ഭൗതികവൽക്കരിക്കാനുള്ള ശ്രമത്തിൽ ഇസ്റാ ഇന്ന് ഹിജ്റയെന്നും അൽമസ്ജിദുൽ അഖ്സാക്ക് മദീനപള്ളിയെന്നും അദ്ദേഹം അർഥകല്പന നൽകുന്നു.

ഇത്രയും ചില ഉദാഹരണങ്ങൾ മാത്രം. ഇതുപോലെ ചിരിക്കാനുള്ള വകകൊണ്ട് നിറഞ്ഞതാണ് ഗ്രന്ഥമത്രയും. ഈ ഗ്രന്ഥം പരിശോധിക്കാൻ അസ്ഹർ പണ്ഡിതന്മാരുടെ ഒരു സമിതി രൂപീകരിക്കപ്പെടുകയും ഖുർആനെ വളച്ചൊടിക്കാനുള്ള നിർമ്മതപ്രോക്തമായ ഒരു ശ്രമമാണിതെന്ന്അവർ സ്ഥിരീകരിക്കുകയും ചെയ്തതിനെ തുടർന്ന് അത് കണ്ട്കെട്ടപ്പെടുകയുണ്ടായി.-അത്തഫ്സീറു വൽ മുഫസ്സിറൂൻ വാ:3, പേ:198-210

(2)ഈ പ്രസ്താവം വ്യാഖ്യാനവിഷയത്തിലുള്ള ഇബ്നു അബ്ബാസി(റ) ന്റെ അഗാധ പാണ്ഡിത്യത്തെക്കുറിച്ച് സംശയലേശത്തിന്നിടനല്കേണ്ടതില്ല. 'വ്യാഖ്യാതാക്കളുടെ നേതാവ്' എന്ന അപരാഭിധാനത്തിന്ന് തികച്ചും അർഹൻ തന്നെയായിരുന്നു ഇബ്നു അബ്ബാസ്(റ). റസൂൽ തിരുമേനി (സ) അദ്ദേഹത്തിന്റെ ശിരസ്സിൽ കൈ വെച്ചുകൊണ്ട് പ്രാർഥിക്കുകയുണ്ടായി."അല്ലാഹുവേ അദ്ദേഹത്തിന് ദീനിൽ യഥാർഥ ജ്ഞാനം നൽകുകയും വ്യാഖ്യാനം പഠിപ്പിക്കുകയും ചെയ്യേണമേ" ഇബ്നു ഉമർ(റ) പറയുന്നു: "മുഹമ്മദി(സ) ന്ന് അവതരിച്ചതിനെപ്പറ്റി മുഹമ്മദീയ സമുദായത്തിൽ ഏറ്റവും അറിയുന്നത് ഇബ്നു അബ്ബാസത്രെ."തർജുമാനുൽ ഖുർആൻ" എന്നാണ് ഇബ്നു മസ്ഊദ് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. അലി(റ) അദ്ദേഹത്തിന്റെ വ്യാഖ്യാനത്തെ പുകഴ്ത്തിക്കൊണ്ട് പറയുന്നു: അദ്ദേഹം ലോലമായ പർദയിലൂടെ അദൃശ്യലോകത്ത് നോക്കുന്നപോലിരിക്കുന്നു" ഖുർആനിൽ വിശേഷിച്ചും ദീനിൽ പൊതുവെയുള്ള അദ്ദേഹത്തിന്റെ അവഗാഹവും പാണ്ഡിത്യവും പരിഗണിച്ച് ഉമർ(റ) ചെറുപ്പക്കാരനായ ഇബ്നുഅബ്ബാസി(റ) നെ സ്വഹാബികളുടെ ആലോചനാ മിതിയിൽ ഉൾപ്പെടുത്തിയിരുന്നു (ബുഖാരി). പക്ഷെ, നിർഭാഗ്യവശാൽ അദ്ദേഹത്തിന്റെ പേരിൽ ധാരാളം വ്യാജഹദീസുകൾ നിർമ്മിക്കപ്പെട്ടു എന്നതാണ് സംഭവിച്ച തകരാറ്.

(3) മാഇദ:12ാം സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ ചില വ്യാഖ്യാതാക്കൾ എഴുതിവെച്ചത് നോക്കുക.

(4) *അലംതറ കൈഫ ഫഅല റബ്ബുക ബിആദ്* എന്ന സൂക്തത്തിന്റെ തഫ്സീറിൽ.

(5)*വദന്ന ദാവൂദ അന്നമാ ഫതന്നാഹു* എന്നസൂക്തത്തിന്റെ വ്യാഖ്യാനത്തിൽ.

(6)ഖുർആൻ വ്യാഖ്യാനവും വ്യാഖ്യാതാക്കളും വാ.1, പേ.95-96

(7)അത്തഫ്സീറുവൽ മുഫസ്സിറൂൻ വാ.3, പേ: 98-130.

●